വിവാഹ-
-ത്തിനുശേഷം

UDAYA
BOOK STALL, PUNALUR.

കോന്നിയൂർ-നാഥ്.

വിവാഹത്തിനുശേഷം

കോന്നിയൂർ, ആർ. നരേന്ദ്രനാഥ്.

പ്രസാധകർ

ഉദയാപബ്ലിഷിംഗ് ഹൌസ് &

ബുക്ക്സ്റ്റാൾ, പുനലൂർ.

ഒന്നാം പതിപ്പ്]

വില 12 ണ.

121-മകരം.

BHARATH PRESS, TRIVANDRUM.

[Copy right.

മുഖവുര

മുഖവുരയായി എനിക്കു് അധികമൊന്നും പറയാനില്ല; നാടകപ്രസ്ഥാനത്തിൽ എന്റെ ആദ്യത്തെ പ്രവേശനമാണു് ഇതു് എന്നു മാത്രം.

ഈ പുസ്തകത്തിനു് ഒരു അവതാരിക എഴുതിത്തന്നു് എന്നെ സഹായിച്ച ശ്രീ. എസ്. ഗുപ്തൻ നായർ എം. ഏ. അവർകളോടു് എനിക്കു് അത്യധികം കൃതജ്ഞതയുണ്ടു്.

കോന്നി.
12-6-1121.

ആർ. എൻ.

To My Mother

അവതാരിക

സാഹിത്യപ്രസ്ഥാനങ്ങളിൽ വച്ച് വ്യാസവും വലിപ്പവും കുറഞ്ഞ എല്ലാ സമ്പ്രദായങ്ങളോടും കടുത്ത ആഭിമുഖ്യമാണ് നമ്മുടെ കൂട്ടക്ക്. ചെറുകഥയോടും ചെറുനോവലിനോടും ഖണ്ഡകവിതയോടും എഴുത്തുകാർക്കും വായനക്കാർക്കും തോന്നുന്ന പ്രേമം നാൾ ചെല്ലുന്തോറുംകൂടി വരുന്നെന്നും തോന്നുന്നു. അങ്ങനെ ലഘുപ്രയത്നങ്ങൾ കൊണ്ട് നമ്മുടെ സാഹിത്യം നിറഞ്ഞിരിക്കുകയാണ്. പക്ഷേ ഏകാങ്കനാടകം ഈ നിമയത്തിന് ഒരു അപവാദമായി നിൽക്കുന്നു. അതു ചെറുതായിട്ടും ആളുകളെ ഇതുവരെയും അധികമാകർഷിച്ചിട്ടില്ല. എന്താണങ്ങനെ വരാൻ കാരണം? വായനക്കാർക്കിഷ്ടമില്ലാഞ്ഞിട്ടല്ല. പിന്നെയോ, എഴുത്തുകാരനു ക്ലേശമുണ്ടായിട്ടാണ്. ഒരു നല്ല ഏകാങ്കനാടകമെഴുതുകയെന്നതു് ഒരു വലിയ നാടകമെഴുതുന്നതിനേക്കാൾ വളരെ ബുദ്ധിമുട്ടുള്ളതാണ്. ഏററവും ജീവസ്പർശിയായ ഒരു പരമമുഹൂർത്തം മാത്രമേ ഒരു ഏകാങ്കനാടകത്തിൽ ചിത്രീകരിക്കാൻ സാധിക്കൂ. ആ സംഭവത്തെ ആവിഷ്കരിക്കാൻ അയാളുടെ സ്വാധീനത്തിൽ വളരെ കുറച്ചു സമയം മാത്രമേ ഉള്ളൂ. ആ കുറച്ചുസമയത്തിനുള്ളിൽ പ്രേക്ഷകന്റെ മനസ്സിൽ പതിയത്തക്കവണ്ണം പാത്രങ്ങൾ

ക്ക ജീവനും പുഷ്ടിയും നൽകിയിരിക്കണം. അല്പ സംഭാഷണം കൊണ്ടു മാത്രം സാധിക്കുകയും വേണം.

ഒരു നല്ല ചെറുകഥയുടെ ബീജം നമുക്കെളുപ്പം കിട്ടും. നമ്മുടെ ചുററും കാണുന്ന അനവധി സംഭവങ്ങളിൽ കഥയെഴുതാനുള്ള കരുക്കൾ ഒളിഞ്ഞു് കിടപ്പുണ്ടു്. പൊടിപ്പും തൊങ്ങലും വച്ചു് അലങ്കരിച്ചാൽ കഥയായിത്തീരാത്ത സംഭവം ഒന്നുംതന്നെ കാണുകയില്ലെന്നു പറയാം. പക്ഷേ ഏകാങ്കനാടകമോ? വളരെ ഹൃദയസ്പൃക്കായ സംഭവം പോലും പലപ്പോഴും ഒരു നാടകമാകുന്നില്ല. 'നാടകീയത' എന്നൊന്നു് അതിനു വിശേഷിച്ചു വേണ്ടിയിരിക്കുന്നു. എന്നതാണു കാരണം വളരെ അപൂർവ്വം സംഭവങ്ങൾക്കു മാത്രമേ നാടകീയത ഉള്ളൂതാനും. ഒരു നിരൂപകൻ പറയുന്നു "ചെറുകഥ ഇഷ്ടംപോലെ ഇരുന്നു വായിച്ചുതീർക്കാവുന്നതും ഏകാങ്കനാടകം ഇരുന്ന ഇരുപ്പിൽ കണ്ടവസാനിപ്പിക്കേണ്ടതും ആകയാൽ രണ്ടാമത്തേതിന്റെ നിർമ്മാണത്തിൽ വിശേഷിച്ചു അവധേയങ്ങളായ ചില കാര്യങ്ങളുണ്ടു്. നാടകത്തിൽ രംഗം ഒന്നാകുന്നു്. മദ്ധ്യത്തീപ്പിനു സഭ കൂടിയതു് പുറത്തളത്തിലാണെങ്കിൽ അതുതന്നെയായിരിക്കണം അവസാനത്തോളം രംഗം. വേണമെങ്കിൽ അതിന്റെ പരിസരത്തിലേക്കൊന്നിറങ്ങാം, അത്രമാത്രം പക്ഷേ ചെറുകഥയിൽ വായനക്കാരന്റെ അവധാനത്തെ ഒരേ രംഗത്തിൽതന്നെ നിർത്തണമെന്നു് നിർബന്ധമില്ല. ഇതു കൊണ്ടു ഏകാങ്കനാടകകർത്താവിനു്

കഥയെ ഏക രംഗപര്യവസിതമാക്കി ചെയ്യുന്നതിൽ കൂടുതൽ നിഷ്കർഷം വേണമെന്നു വരുന്നു” (ജെ. എം-മംഗളോദയം 1 : 20 മീനം)

‘ഏകരംഗപര്യവസിതമാക്കുക’—അതൊരു പ്രധാന കാര്യമാണ്. നമുക്കു പരിചയമുള്ള വിദേശീയമാതൃകകളിൽ ഒട്ടുമുക്കാലും ഏകരംഗപര്യവസിതങ്ങളായ ഏകാങ്ക നാടകങ്ങളാണ്. വ്യത്യസ്തമായി ഡബ്ളിയു. ഡബ്ളിയു. ജേക്കബ്സിന്റെ **Monkey's Paw** (കുരങ്ങിന്റെ കൈപ്പടം) ഗാൽസ്വർത്തിയുടെ ‘ഫസ്റ്റ് ആൻഡ് ദിലാസ്റ്റ്’ ഇങ്ങനെ ചിലതു മാത്രമേ എന്റെ ഓർമ്മയിൽ വരുന്നുള്ളൂ. അവയിൽ തന്നെയും ഏകാഗ്രതയ്ക്കു ഭംഗമില്ലെന്നുള്ളതു ശ്രദ്ധേയമാണ്.

ഈ അംശത്തെപ്പററി നമ്മുടെ നാടകമെഴുത്തുകാർ അശ്രദ്ധരായിട്ടാണ് നേരത്തെ മുതൽക്കുതന്നെ കണ്ടിട്ടുള്ളത്. ഏതാനും രംഗങ്ങൾ ഒരു ലൂസ്ഫയലിലെന്നപോലെ കെട്ടിച്ചേർത്ത് ഏകാങ്ക നാടകമെന്ന പേരിട്ടു പുറത്തിറക്കുന്ന പതിവു നമുക്കു സുപരിചിതമാണ്. ആ അശാസ്ത്രീയമായ സമ്പ്രദായം തന്നെയാണ് നമ്മുടെ ഭാഷയിലെ അപൂർണ്ണമായ നിരവധി കലാസൃഷ്ടികൾക്കു ഉത്തരവാദിത്വം വഹിച്ചിട്ടുള്ളതും.

ഇന്നു ഈ വക കാര്യങ്ങളിൽ നമ്മുടെ എഴുത്തുകാർ കുറേ മുന്നോട്ടു പോയിട്ടുണ്ട്. ‘ശരിയായ ഒരു നം വച്ചുതുടങ്ങി ഒരു വീർപ്പിലങ്ങു മേല്പോട്ടു കയറി നിർവ്വഹണസന്ധിയിലെത്തുന്ന നല്ല ഏകാങ്ക നാട

കങ്ങൾ കുറവല്ലെങ്കിലും നമുക്ക് അടുത്തകാലത്തായി ലഭിച്ചിട്ടുണ്ടു്.

ii

ഞാനിവിടെ സസന്തോഷം അവതരിപ്പിക്കുന്ന ഈ ഏകാങ്കനാടകം പ്രശംസനീയമായ പല ഗുണങ്ങളും ഉള്ള ഒരു കൃതിയാണു്. ഒന്നാമത്തു് അതിന്റെ വിഷയം. 'വിവാഹത്തിനുശേഷം' എന്ന പേരു കേൾക്കുമ്പോൾതന്നെ അതു് പതിവിൽകൊണ്ട സമ്പ്രദായങ്ങളിൽനിന്നു് ഒരു വ്യതിയാനമാണെന്നു് നമുക്കു മനസ്സിലാകുന്നു. നമ്മുടെ നാടകങ്ങളിൽ—അല്ലെങ്കിൽ എന്തിനു നാടകങ്ങളെന്നു് വ്യാപ്തി ചുരുക്കിപ്പറയുന്നു—നമ്മുടെ ഭാവിത സാഹിത്യ കൃതികളിൽ (Imaginative works) ഒട്ടുമിക്കതിനും വിവാഹത്തിനു മുമ്പുള്ള ജീവിതമാണു് സാധാരണ വിഷയമാകാറു്. ലോകത്തെ മലരണിക്കാടായി സ്വപ്നം കാണുന്ന കാമിനീകാമുകന്മാരുടെ മധുരിക്കുന്ന അസംബന്ധ ഭാഷണങ്ങളിൽ ആരംഭിച്ചു് അവരുടെ സംബന്ധത്തിലോ മരണത്തിലോ അവസാനിക്കുന്ന കഥകളാണു് നാടകങ്ങളിൽ കൂടി നമുക്കു പരിചയപ്പെട്ടിട്ടുള്ളതു്. ഏതോ ഒരു നിരൂപകൻ പറഞ്ഞതുപോലെ വധൂവരന്മാരെ വാദ്യഘോഷത്തോടെ വിവാഹവേദിയിലേക്കു് ആനയിച്ചിട്ടു പിൻവാങ്ങിയാൽ കഥ വളരെ ശുഭമായി പര്യവസാനിച്ചു എന്നാണു് ഇന്നലെവരെയുള്ള എഴുത്തുകാരിൽ ഒട്ടധികംപേരും വിശ്വസിച്ചിരുന്നതു്. ഇന്നു് ആ വീക്ഷണഗതിക്കു വളരെ കലുക്കം തട്ടിയിട്ടുണ്ടു്.

വിവാഹത്തിനുമുമ്പുള്ള ആ പ്രണയചപലമായ താരു ണ്യത്തെ ജീവിതത്തിന്റെ പ്രാധാന്യം കുറഞ്ഞ ഒരു ഘട്ടമായിട്ടാണു് ഇന്നത്തെ എഴുത്തുകാരൻ കാണു ന്നതു്. അവിടെ രസം പിടിച്ച പലതരം ഭാവങ്ങ ളും ഉണ്ടാകാമെങ്കിലും അതിന്റെ ആത്യന്തികവത്തി ലുള്ള ചിത്രീകരണം ജീവിതത്തെ ഒരു കുടവട്ടമായി ചുരുക്കിക്കളയുന്നു എന്നു സമ്മതിച്ചേതീരൂ. സാഹി ത്യം നമ്മുടെ ഹൃദയത്തെ കിക്കിളിയാക്കുന്ന ഒരു നേ രമ്പോക്കു മാത്രമല്ല, അല്പം കൂടി ഗൗരവാവഹമായ ഒന്നാണെന്നു വിശ്വസിക്കുന്നവർ ഇന്നു പണ്ടത്തെ തിൽനിന്നു കൂടിവരുകയാണല്ലോ. വിവാഹത്തിനുമുമ്പു ള്ള ജീവിതത്തെക്കാൾ വിവാഹത്തിനുപിമ്പുള്ള ജീവി തമാണു് കൂടുതൽ പ്രതിപാദനാർഹമെന്നു് കരു തപ്പെടാനുള്ള കാരണവും ഇതു തന്നെയായിരിക്കാം. നമുക്കിവിടെ ഒന്നിന്റേയും പക്ഷം പിടിച്ചു വാദി ക്കേണ്ട കാര്യമില്ല. എന്നാലും ഒന്നുമാത്രം പറയാം ജീവിതത്തെ സമഗ്രമായി വീക്ഷിക്കാനും സമഗ്രമാ യി ചിത്രീകരിക്കാനും കടപ്പെട്ട സാഹിത്യകാരൻ അതിന്റെ കനം കുറഞ്ഞ വശങ്ങളിലും കനം കൂടി യ വശങ്ങളിലും ഒന്നുപോലെ കണ്ണയച്ചേ മതിയാ വൂ. വിവാഹത്തിനുമുമ്പുള്ള വിനോദലാലസമായ ജീ വിതം നമുക്കു ബുദ്ധിപരമായ ദഹനക്കേടുണ്ടാക്കുന്ന ഒരളവിൽ സാഹിത്യത്തിൽ കൂടി പ്രതിഫലിപ്പിക്ക പ്പെട്ടു കഴിഞ്ഞു; ഇനി, അതങ്ങള്പുറവും കുറേയാകട്ടെ എന്നു വയ്ക്കുകതന്നെ.

ശ്രീ നരേന്ദ്രനാഥിൻെറ ഈ ഏകാങ്കനാടകം ഒരു യുവമിഥുനത്തിൻെറ വിവാഹത്തിനുശേഷമുള്ള ദുഃഖ ജടിലമായ ജീവിതത്തെയാണു് അവതരിപ്പിക്കുന്നതു്, അദ്ദേഹം ഈ നാടകരചനയ്ക്കു് ഏതെങ്കിലും പ്രസിദ്ധപ്പെട്ട ഒരു വിദേശമാതൃകയെ തിരഞ്ഞെടുത്തു എന്നു പറയാനില്ല. പക്ഷേ ഇതിൻെറ കഥാവസ്തുവിനും സാങ്കേതികരീതിക്കും ഏതിനോടെങ്കിലും ഒരു സാദൃശ്യം കല്പിക്കപ്പെടാമെങ്കിൽ (അങ്ങനെ ഒരു നിർബന്ധം പിടിക്കുകയല്ല) അതു് ഇബ്സൻെറ Doll's House— നോട്ടാണു്. രണ്ടും പൊളിഞ്ഞുപോയ രണ്ടു ദാമ്പത്യജീവിതങ്ങളുടെ ചിത്രീകരണമാണു്. പക്ഷേ കഥാവസ്തുക്കൾക്കുള്ള ഈ സാദൃശ്യം സാരമാക്കേണ്ട ഒന്നല്ല. എന്തു കൊണ്ടെന്നാൽ ഓരോരോ കാരണങ്ങൾ കൊണ്ടു പൊളിഞ്ഞുപോയ അത്തരം എത്രയോ ജീവിതങ്ങളുണ്ടു്, സാഹിത്യകാരൻെറ ശ്രദ്ധയിൽ പെടേണ്ടതായിട്ടു്. അതങ്ങനെ നിൽക്കട്ടെ. രീതിയിലുള്ള സാമ്യമാണു് ഇവിടെ ഗണനീയമായിട്ടുള്ളതു്.

ഇബ്സൻെറ ആ പ്രസിദ്ധപ്പെട്ട നാടകത്തിലെ നായികയായ 'നോറാ' എട്ടുകൊല്ലത്തെ ദാമ്പത്യജീവിതത്തിനുശേഷം അന്നൊരു ദിവസം ഭർത്താവിനോടു പറഞ്ഞു "നമുക്കാകാര്യങ്ങളൊന്നു പറഞ്ഞു തീർത്തു കളയാം" എന്നു്. അവരെ തമ്മിൽ വേർതിരിച്ചു നിർത്തിയ ആ വിടവ് നികത്താനാവാത്തതാണെന്നു് സംസാരിക്കുന്തോറും അവൾക്കു ബോദ്ധ്യം വന്നു. അങ്ങനെ നോറാ തൻെറ വീട്ടിൻെറ താക്കോൽക്കൂട്ടം

ഭർത്താവിനെ ഏല്പിച്ചിട്ട് അവിടെനിന്ന് ഇറങ്ങി പ്പോയി.

ഇബ്സൻെറ നായകനും നായികയും ഒരു മേശയുടെ ഇരുപുറവുമിരുന്ന് അവരുടെ ജീവിതത്തെ സംബന്ധിക്കുന്ന പരമാർത്ഥങ്ങൾ ചർച്ചചെയ്യാൻ ആരംഭിച്ചപ്പോൾ യൂറോപ്യൻ നാടകസങ്കേതം ഒരു നീണ്ടചാട്ടം ചാടി മുന്നോട്ടു നീങ്ങുകയാണുണ്ടായതു്. അങ്ങനെ രണ്ടുപേർ ഒരു കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാരായി—വളരെ നാൾ ഒന്നിച്ചു ജീവിച്ചു രണ്ടു പേർ—ഇരുന്ന ഇരുപ്പിൽ അതെല്ലാം സംസാരിക്കുകയില്ലെന്നു നമുക്കറിയാം. ഇബ്സൻ ഒരു പ്രത്യേക ഉദ്ദേശം വച്ചുകൊണ്ട് അവരെ സംസാരിപ്പിച്ചു. അതു കരുതിക്കൂട്ടി ചെയ്യുതാണു്.

'വിവാഹത്തിനുശേഷം' എന്ന നാടകത്തിലും ഇതുപോലെ ഭാര്യയും ഭർത്താവും ചില കാര്യങ്ങളെപ്പററി തുറന്നു പറഞ്ഞു്, അകന്നകന്നു പോകുന്നതാണു് നാം കാണുന്നതു്. ഈ നാടകത്തിലെ ദമ്പതികളുടെ വിവാഹം കഴിഞ്ഞിട്ടു് അഞ്ചുമാസമേ ആയിട്ടുള്ളു. രണ്ടുപേരും തങ്ങളുടെ വികാരപൂർണ്ണമായ പൂർവ്വജീവിതത്തെ മറച്ചുവയ്ക്കാനും മറന്നുകളയാനും വേണ്ടി പുതിയൊരു ബന്ധത്തിൽ ഏർപ്പെട്ടതാണു്. ആ പുതിയ ബന്ധമാകട്ടെ, അവർ അനുഷ്ഠിച്ചപോയ പാപങ്ങൾക്കുതെല്ലും പരിഹാരമായി തീർന്നില്ല. അവർ അന്യോന്യം കുററപ്പെടുത്തി. ഇരുവരും എതിരാളിയുടെ രഹസ്യങ്ങളെ ചികഞ്ഞു വെളിക്കിട്ടു. ആ രഹസ്യങ്ങൾ അവരുടെ നടുവിൽ സ്ഥിതി ചെയ്തുവന്ന

ത്തെ ക്രൂരതയ്ക്കു വിടവുള്ളതാക്കി. അങ്ങനെ അവർ ഇരുവരും യാഥാർത്ഥ്യങ്ങളുടെ നിഴൽവീശിയ ദാമ്പത്യ ജീവിതത്തിൽനിന്നു് കൂരിരുളിലേക്കു് ഓടിമറഞ്ഞു.

ഈ നാടകം നമ്മെ വല്ലതും പഠിപ്പിക്കുന്നുണ്ടോ എന്തെങ്കിലുമൊന്നു ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുണ്ടായിരിക്കണമെന്നു തീർച്ച. എന്താണതു്? താൽക്കാലികങ്ങളായ വികാരങ്ങളുടെ പ്രചോദനത്തിനു് വിധേയരായി കർമ്മമണ്ഡലത്തിലേക്കിറങ്ങിയ രണ്ടു യുവാക്കളുടെ ജീവിതപരാജയമാണു് ഇതിന്റെ വിഷയം. താഴ്ന്ന ക്ലാസുകളിൽ നാം പഠിച്ചിട്ടുള്ള തഞ്ചാവൂർ കള്ളന്റെയും തൃശ്ശിനാപ്പള്ളിക്കള്ളന്റെയും കഥയാണു് ഇവർ നമ്മെ അനുസ്മരിപ്പിക്കുന്നതു്. രണ്ടുപേരും തെററുകാരാണു്. എന്നിട്ടു് രണ്ടുപേരും മനസ്സിന്റെ മുമ്പിൽ മറയിട്ടു് അഭിനയിക്കാൻ നോക്കി. ആശിച്ച സുഖങ്ങളൊക്കെ ദുഃസ്വപ്നങ്ങളായി. തങ്ങളുടെ പരാജയം ബോദ്ധ്യമായപ്പോൾ അവർ അന്യോന്യം കുററപ്പെടുത്തി, ചീററിത്തുമ്മി അകന്നുമാറി.

"എപ്പോഴും സത്യം പറയണം, മുഴുവൻ സത്യവും പറയണം, സത്യമല്ലാതെ ഒന്നും പറയരുതു്" എന്നീ പ്രാഥമിക നിയമങ്ങൾ ലംഘിച്ചതാണു് അവരുടെ പരാജയം. കുററമൊക്കെ നിയന്ത്രണത്തിനു് അധീനമല്ലാത്ത വിധിയുടെ പ്രവർത്തനവും ഉണ്ടു്.

കഥയ്ക്കും സാങ്കേതികമാർഗ്ഗത്തിലും ഇബ്സന്റെ കൃതിയോടു് നാം ഇതിനു സാദൃശ്യം കല്പിച്ചതിനാൽ രണ്ടിന്റെയും ലക്ഷ്യങ്ങളെക്കൂടി ഇടതട്ടിക്കുന്നതിൽ

അപാകമില്ല. ഇബ്സൻ ഒരു കുടുംബത്തിന്റെ ചിന്നിച്ചിതറൽമാത്രം കാണിക്കാനല്ല, 'ഡോൾസ് ഹൗസ്' എഴുതിയതു് ഷാ തുടങ്ങിയവർ പിൽകാലത്തു് വീറോടെ അവതരിപ്പിച്ച അബലയല്ലാത്ത പുതിയ സ്ത്രീയുടെ മാതൃകയായിട്ടാണു് നോറായെ അദ്ദേഹം സൃഷ്ടിച്ചതു്. ഭർത്താവിന്റെ പക്കൽ താക്കോൽ കൂട്ട മേൽപ്പിച്ചിട്ടു് ഇറങ്ങിപ്പോയ നോറാ പിന്നീടു് നല്ല തന്റേടത്തോടെ ജീവിച്ചു കാണുമെന്നു നമുക്കറിയാം. നോറായുടെ ഭർത്താവിനെ തികച്ചും തെറവുകാരനാക്കി ഇബ്സൻ ചിത്രീകരിച്ചിരിക്കുന്നതിനാൽ നാടകം അവസാനിക്കുന്നതിനു മുമ്പുതന്നെ നാം നോറായുടെ പക്ഷം ചേരുകയും ചെയ്യും.

ഇവിടെയോ? രണ്ടുകൂട്ടരും തെറവുകാരാണു് ആർക്കും ആരേയുംകാൾ മേന്മയില്ല. പറഞ്ഞു പറഞ്ഞു് ആകെ ഒരു കലക്കലുണ്ടാക്കി അവർ പിരിയുന്നു. 'എന്തോ നിലംപതിക്കുന്നതിന്റെ ശബ്ദം അവിടെ മാറ്റൊലിക്കൊള്ളുന്നതായി' നാടകാന്ത്യത്തിൽ എഴുതിയിട്ടുണ്ടെങ്കിലും ഈ പര്യവസാനം നമ്മുടെ ഹൃദയത്തിൽ മറെറാലിക്കൊള്ളുന്നില്ല. അവസാനമെത്തിയപ്പോഴേക്കു് ഗ്രന്ഥകാരൻ അല്പമൊന്നു് അമ്പരന്നുപോയതാണു് ഇതിനു കാരണമെന്നു എനിക്കു തോന്നുന്നു ഇത്ര ബഹളംകൂടാതെതന്നെ ഈ നാടകം അവസാനിപ്പിക്കാൻ സാധിക്കും. പക്ഷേ സംഭവിച്ചതു് അതല്ല. കൃത്രിമമായിട്ടെങ്കിലും വികാരങ്ങളെ ഒരു മൂർദ്ധന്യത്തിലെത്തിക്കണമെന്നു ഗ്രന്ഥകാരൻ കരുതി. മൂർദ്ധന്യഘട്ടമുണ്ടായി. പക്ഷേ ഒതുക്കത്തിനു

പകരം ഒരു കലക്കത്തിൻെറ പ്രതീതിയാണ് അവശേഷിച്ചതെന്നു മാത്രം.

ശാന്തമായി, സ്വാഭാവികമായി, ഒച്ചപ്പാടുണ്ടാക്കാതെ അവസാനിപ്പിച്ചാൽ വായനക്കാർ പരാതിപ്പെടുകയില്ലേ എന്നു സംശയിച്ചായിരിക്കണം ഈ ശ്രമം നടത്തിയതു്. ചെക്കോവ് തൻെറ മനോഹരങ്ങളായ നാടകങ്ങൾ ലോകത്തിനു കാഴ്ചവച്ചപ്പോൾ ആളുകൾ ഇതേ സംബന്ധിച്ചു് ബഹളം കൂട്ടിയിട്ടുണ്ടു്. "ഇയ്യാളെന്തിനു ഈ നാലാംതരം കഥയെടുത്തു ഒരു നാടകമാക്കി; ഇതാണോ അവസാനം? ഇങ്ങനെ അവസാനിപ്പിച്ചാൽ എന്തൊരു രസമാണ് എന്നൊക്കെ. നമുക്കിത്തരം കാര്യങ്ങളിൽ കട്ടിപിടിച്ചു ഒട്ടധികം അഭിപ്രായങ്ങളുണ്ടു്-മാറ്റങ്ങൾക്കു വഴങ്ങിക്കൊടുക്കാത്ത വിചിത്രാഭിപ്രായങ്ങൾ അവയെ കവയ്ക്കുന്ന കലാകാരൻ അഭിപ്രായധീരനല്ലെന്നുമാത്രം.

ഇതിലെ പാത്രസൃഷ്ടിയിൽ അല്പം ചിലേടം പാകപ്പിഴ പറ്റിയിട്ടുണ്ടെന്നു എനിക്കു തോന്നുന്നു. പാകപ്പിഴ ഗോവിന്ദൻനായരുടെ സൃഷ്ടിയിലാണ്. ആ നിരപ്പില്ലായ്മ പ്രകടമായി കാണുന്നതു്. അയാൾ ദുഷ്ടനാണ്; ഭീരുവാണ് പക്ഷേ തന്നെപ്പോലെതന്നെ, തെറ്റുകാരിയെന്നു തനിക്കറിയാവുന്ന അംബുജത്തിൻെറ മുമ്പിൽ അയാൾ ഇത്രയ്ക്കു് അനുതാപമില്ലാത്തവനായി പോകുമോ എന്നു ഞാൻ സംശയിക്കുന്നു. അംബുജം പറയുകയാണ് ഭർത്താവിൻെറ പഴയ

കാമുകിയെപ്പററി "അവൾ ഗർഭിണിയായി" (പേജു 37) ഗോവിന്ദൻ നായരുടെ മറുപടി:—"ഛെ. ആളുകളെ അവമാനിച്ചാൽ" അത്ര വിദ്യാഭ്യാസമുള്ള ഒരുത്തന്റെ വായിൽനിന്നു വന്നതാണെന്നു വിശ്വസിക്കാൻ പ്രയാസം. എല്ലാരഹസ്യങ്ങളും വെളിച്ചത്തായി കഴിഞ്ഞ ആ സന്ദർഭത്തിൽ ഇങ്ങനെ പറയുന്നു. ഇയാൾ തൂങ്ങിച്ചാകാൻ ചിപ്പുനൂലിന്റെ ഇഴപോലും ഉപയോഗിച്ചേക്കാം.

ഈ ചില്ലറ വൈകല്യങ്ങളൊക്കെ ഇതിന്റെ ഗുണപ്രകർഷത്തിൽ മങ്ങിപ്പോകുന്ന ദോഷങ്ങളാണെന്നു പറഞ്ഞാൽ അതൊരു വെറും മേനിപ്പറച്ചിലല്ല. മറുപുറം കാണിക്കാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സോമന്റെ രസംപിടിച്ച സംഭാഷണങ്ങളും വികാരത്തെ മെല്ലെമെല്ലെ ഊതിക്കത്തിച്ച് ജ്വാലയാക്കി വളർത്തിക്കൊണ്ടുപോകുന്നതിൽ കാണിച്ചിരിക്കുന്ന വൈദഗ്ദ്ധ്യവും ആരിലും മതിപ്പുണ്ടാക്കുന്ന മേന്മകളാണ്.

ഒരു നാടകകൃത്തിന് അവശ്യം വേണ്ട രംഗപരിചയം ഒരു നടൻകൂടിയായ ഈ ഗ്രന്ഥകാരനു വേണ്ടിടത്തോളമുണ്ട്. സംഭാഷണത്തിന്റെ സ്വാഭാവികത, പാത്രങ്ങളുടെ പ്രവേശനത്തിലും നിഷ്ക്രമണത്തിലുമുള്ള ക്രമം ഇവയെ നാം അതിനു തെളിവുകളാണ്. അഭിനയിക്കുമ്പോൾ അസ്വരസമായി തോന്നുന്ന മട്ടുകളൊന്നും ഇതിൽ വായിച്ചിടത്തോളംകൊണ്ടു കാണുന്നില്ല. മുഴുവനായി ഉറപ്പുപറയാൻ ഒരിക്കൽ രംഗത്ത് കണ്ടെങ്കിലേ പററൂ;

സവ്വകലാശാലാ വിദ്യഭ്യാസം ഈയിടെ മാത്രം പൂത്തിയാക്കിയ ഈ യുവാവു് ഏകാങ്കനാടക നിമ്മിതിയിൽ കൈവച്ചു വിജയം നേടിയെന്നതിനെക്കാളും നമ്മെ സന്തോഷിപ്പിക്കുന്നതു് ഈ കുറഞ്ഞ പ്രായത്തിൽ ഇത്രയുംജീവിത വിജ്ഞാനം നേടിയല്ലോ എന്നതാണു്.

സഹൃദയരുടെ പരിപൂണ്ണമായ അംഗീകാരം ലഭിക്കുമെന്നുള്ള ഉത്തമ വിശ്വാസത്തോടും ഒരു നല്ല കൃതിയെ അവതരിപ്പിക്കുന്നു എന്ന ചാരിതാത്ഥ്യത്തോടും ഞാൻ യവനിക നീക്കട്ടെ.

കൃഷ്ണപുരം.
16-6-1121

എസ്. കുപ്പൻനായർ

വിവാഹത്തിനുശേഷം

കഥാപാത്രങ്ങൾ.

1. ഗോവിന്ദൻകുട്ടിനായർ—28 വയസ്സ്. മനക്ലേശംകൊണ്ടു ക്ഷീണിച്ച സുന്ദരമായ മുഖം. വിവാഹം കഴിഞ്ഞതിനുശേഷമാണു് ഓജസ്സും ഉണർവ്വും മങ്ങിയതു്. ആദർശങ്ങളെ ആരാധിച്ചു് സ്വപ്നങ്ങൾ പലതും പുലർത്തിവന്ന ഒരു ചെറുപ്പക്കാരൻ. വിവാഹംകഴിഞ്ഞിട്ടു് അഞ്ചുമാസത്തോളമായി. അയാളുടെ ഹിതത്തിനു വിപരീതമായ ബന്ധമാണതു്. മാതാപിതാക്കന്മാരുടെ ആഗ്രഹപ്രകാരം വിവാഹിതനായി. അതിനുവേണ്ടി പലതും പരിത്യജിച്ചു. ആ ബന്ധം ജീവിതത്തെ ഉലച്ചുതളത്തി. ഒററനോട്ടത്തിനു് മുഖഭാവത്തിൽനിന്നിതെല്ലാം മനസ്സിലാക്കുവാൻ വിഷമമില്ല.

2. അംബുജം. 20 വയസ്സ് മനഃക്ലേശലക്ഷണങ്ങൾ മുഖത്തു വ്യക്തമാണു്. സാമാന്യം സുന്ദരിയാണു്. കാളേജിൽ പഠിക്കുമ്പോഴാണു് വിവാഹം നടന്നതു്. വിവാഹത്തിനുമുമ്പു് ആരെയോ സ്നേഹിച്ചിരുന്നു. അതിലും സുന്ദരമായ ജീവിതമാണു് അവളെ സ്വാഗതംചെയ്യുന്നതെന്നു് വിചാരിച്ചാണു് വിവാഹിതയാകുന്നതു്. അതിനുശേഷം അവളുടെ ഭർത്താവിൻെറ ചില രഹസ്യങ്ങൾ അവൾക്കു മനസ്സിലാകുന്നു. അവളുടെ ആശയററു. സ്വപ്നങ്ങൾ തകന്നു. അവളുടെ ഭർത്താവിൻെറ കാമുകി ഗർഭിണിയായിരിക്കുമ്പോൾ ആത്മഹത്യചെയ്യുന്ന പരമാർത്ഥം

അവളെ.വല്ലാതിളക്കി. അവളുടെ ഭർത്താവ് സമുദായത്തിൻെറമുമ്പിൽ ഒരു ഭീരുവാണെന്നവൾക്ക വ്യക്തമായി. അതിനവൾ കണ്ണുനീർ വാക്കുന്നു. ജീവിതത്തിലെ അവളുടെ ആശ തകന്നു. നെടുവീപ്പോടെ ജീവിക്കുകയാണു്.

3. കൃഷ്ണപിള്ള. ഗോവിന്ദൻകുട്ടിയുടെ പിതാവു്. 56 വയസ്സ്. റിട്ടയാർഡ് തഹസീൽദാർ. നല്ല കുടുംബത്തിൽ പുത്രനെ വിവാഹംചെയ്യിച്ചു. അയാളുടെ രഹസ്യങ്ങൾ അവസാനത്തിലെ അറിയുന്നുള്ളു. പുത്രൻെറ ഭാവപ്പകർച്ചയിൽ അത്യധികം പരിതപിക്കുന്നു. അല്പം കഴിഞ്ഞാൽ അതു മാറുമെന്നു വിചാരിച്ചിരുന്നു. എന്നാൽ അതസ്തമിച്ചു. ആത്മീയ ചിന്ത തുടങ്ങീട്ടുണ്ടു്.

4. ദേവകിയമ്മ. കൃഷ്ണപിള്ളയുടെ ഭാര്യ. തടിച്ച ശരീരം, ഏകപുത്രൻെറ പരാജിതജീവിതത്തിൽ നെടുവീപ്പിടുന്നുണ്ടു്. ഭർത്താവിനെ അതിനു കുററപ്പെടുത്തുന്നു. പ്രായം 50 വയസ്സ്.

5. സോമശേഖരൻനായർ. യുവാവ്. ലോകത്തിലെ സങ്കടങ്ങളൊന്നുമറിയാത്ത ആനന്ദഹൃദയം. കരയാനൊന്നുമില്ലന്നാണു് ചിന്താഗതി. സഹൃദയനാണു്. നടക്കുമ്പോൾ ചില കവിതാശകലങ്ങൾപാടും.

6. കിട്ടൻ. വേലക്കാരൻ. വയസ്സെത്രയുമാകാം.

സ്ഥലം. കൃഷ്ണപിള്ളയുടെ വസതി, കൃഷ്ണഭവൻ.

സമയം. രാത്രി എട്ടുമുതൽ.

രംഗം. ഹാൾമുറി.

വിവാഹത്തിനശേഷം

[കൃഷ്ണഭവനത്തിലെ വിശാലമായ ഹാൾമുറി ഭിത്തിയിൽ പല ഫോട്ടോകളും രാഷ്ട്രീയനേതാക്കന്മാരുടെ മനോഹരമായ ചിത്രങ്ങളും തൂക്കിയിട്ടുണ്ട്. ഏററവും പ്രധാനമായ ഭാഗത്ത് ശ്രീകൃഷ്ണഭഗവാൻെറ ഒരു വലിയ പടം വച്ചിട്ടുണ്ട്. അതിൽ വിശേഷരീതിയിലുള്ള ഒരു കസവുഹാരം തൂക്കിയിട്ടുണ്ട്. ഹാളിൽ നടുക്കായി ഈട്ടിയിൽ വിശേഷമായി പണിചെയ്തിട്ടുള്ള ഒരു വട്ടമേശ. അതിൽ കമ്പിളികൊണ്ടുള്ള ഒരു മേശവിരിപ്പ്. മേശയുടെ മദ്ധ്യത്തിൽ നല്ല വലിയ ഗ്ലാസ്ടേബിൾലാമ്പ് വച്ചിരിക്കുന്നു. വിളക്കിനടുത്ത് "With no regrets" എന്ന ആത്മകഥാപുസ്തകം ഇരിക്കുന്നു. ഭിത്തിയോടുചേർത്ത് വിവിധരീതിയിലുള്ള കസേരകൾ ഭംഗിയായി നിരത്തിയിട്ടിരിക്കുന്നു. ഹാളിൻെറ തെക്കുകിഴക്കേഭാഗത്തായി ഒരു ചാരുകസേരയിട്ടിരിക്കുന്നു. അതിനടുത്ത് ഒരു ജന്നൽ ഉണ്ട്. അതു തുറന്നുകിടക്കുകയാണ്. ഹാളിൻെറ വടക്കേഭിത്തിയോടുചേർത്ത് ഡ്രായുള്ള ഒരു മേശകിടക്കുന്നു. നല്ല മേശവിരിപ്പുകൊണ്ട് അതു മൂടിയിരിക്കുകയാണ്. അതിൻെറ പുറത്ത് ഒരുഭാ

ഗത്തായി കുറെ പുസ്തകങ്ങൾ അടുക്കിവച്ചിട്ടുണ്ട്. ഒന്നുരണ്ട് പത്രങ്ങൾ അതിനുപുറത്തു മടക്കിവച്ചിരിക്കുന്നു. നല്ല വലിയ ഒരു ടൈംപീസ് മേശയുടെ മദ്ധ്യത്തു് കോണിലായി വച്ചിട്ടുണ്ട്. ഒരു റിസ്റ്റ്വാച്ച് അതിനുമുമ്പിൽ അഴിച്ചുവച്ചിരിക്കുന്നു. ഹാളിൽനിന്ന് വീട്ടിനുള്ളിലേക്കുള്ള വാതൽ ഹാളിന്റെ പടിഞ്ഞാറുവശത്തെ ഭിത്തിയിലാണ്. അതിൽ നേർമ്മയേറിയ തുണികൊണ്ട് കർട്ടനിട്ടിട്ടുണ്ട്. അതിൽ ഒരുഭാഗത്തെ തുണിമാത്രം വലിച്ചുകെട്ടിയിരിക്കുന്നു. ഈ വാതലിനു മുകളിലാണ് മുമ്പുപറഞ്ഞ ശ്രീകൃഷ്ണദേവന്റെ ചിത്രം വച്ചിരിക്കുന്നതു്.

ചാരുകസേരയിൽ ഗോവിന്ദൻകുട്ടിനായർ കിടക്കുന്നു. "Indian Fxpress" നിവത്തു് മടിയിലിട്ടിരിക്കുന്നു. വായിച്ചുകൊണ്ടിരിക്കുമ്പോൾ വായന നിറുത്തി ചിന്തിക്കുകയാണ്. കൈരണ്ടും താടിയിൽ കൊള്ളിച്ചിട്ടുണ്ട്. എന്തോ ഗാഢമായി ആലോചിക്കുന്ന ഭാവം മുഖത്തു സ്പഷ്ടമാണ്.

അംബുജം പ്രവേശിക്കുന്നു. നല്ല വെള്ള സാരിയും ബ്ളൌസുമാണ് ധരിച്ചിരിക്കുന്നതു്. വീട്ടിനുള്ളിൽനിന്ന് ഹാളിലേക്കുള്ള വാതലിൽ തൂക്കിയിട്ടുള്ള കർട്ടൻ ഉയത്തി സ്വല്പനേരം നിന്നിട്ട് സാവധാനത്തിൽ നടന്നു വട്ടമേശക്കു സമീപമെത്തുന്നു. മേശയിലിരിക്കുന്ന ടേബിൾ ലാമ്പിന്റെ ചിമ്മിനി ഉയരി

മേശമേൽ സാവധാനത്തിൽ വച്ചിട്ട് തീപ്പെട്ടിയു രച്ച് വിളക്കു കത്തിക്കുന്നു. ചിമ്മിനി സാവധാന ത്തിൽ വിളക്കിൽ വച്ചിട്ട് തിരി അല്പം ഉയർത്തി. സായം സന്ധ്യക്കേ വെളിച്ചത്തിൽ തിരിയുടെപ്രകാ ശം ധാരാളം മതി. വിളക്കുകൊളുത്തി ശരിയാക്കിയ ശേഷം ഗോവിന്ദൻകുട്ടിനായരെ നോക്കുന്നു. ആലോ ചനയിൽനിന്നുണർന്ന് അയാൾ അംബുജത്തിന്റെ പ്രവൃത്തികൾ വീക്ഷിച്ചുകൊണ്ടു കിടക്കുകയാണു്. അംബുജം മൌനമായി വീട്ടിനുള്ളിലേക്കു പോകുന്നു. ഗോവിന്ദൻകുട്ടിനായർ വീണ്ടും ചിന്തയിൽ മുഴുകുന്നു. അങ്ങിനെ അല്പനിമിഷങ്ങൾ കഴിയുന്നു.

ദേവകിയമ്മ പ്രവേശിക്കുന്നു. സാധാരണ നായർ സ്ത്രീകൾ വീട്ടിനുള്ളിലിരിക്കുമ്പോൾ ഉള്ള വേഷം ഭസ്മം തൊട്ടിട്ടുണ്ടു്. അവരുടെ പ്രവേശനത്തോടെ ഗോവിന്ദൻകുട്ടിനായർ കാലു് കസേരയുടെ കയ്യിൽ നിന്നു താഴത്തുവയ്ക്കുന്നു. പത്രം മടക്കി അടുത്തുള്ള ഒരു ചെറിയ വട്ടമേശയിൽ വയ്ക്കുന്നു.]

ദേവകിയമ്മ—:കുട്ടാ! നീ വെളിയിലെങ്ങും പോ യില്ലേ?

ഗോവിന്ദൻകുട്ടിനായർ:—ഇല്ല!

ദേവ:—വയ്യിട്ടെങ്കിലും കുറെ എറങ്ങി നടക്കരുതേ ?

ഗോവി:—ഓ! ഇവിടെ ഇരിക്കാമെന്നുവച്ചു.

ദേവ:—ഇങ്ങനെ എത്രനാളായിത്തുടങ്ങീട്ടു്?

ഗോവി.—(മൌനം)

ദേവ:—അച്ഛനും മോനും എല്ലാം ഇങ്ങനെ തുടങ്ങിയാൽ ഞങ്ങളൊക്കെ യെന്തുചെയ്യും?

ഗോവി:—എങ്ങിനെത്തുടങ്ങിയമ്മേ? സ്വസ്ഥമായിട്ടിനി ഇരിക്കുകയുമരുതോ?

ദേവകി:—സ്വസ്ഥതയുണ്ടാക്കിയതാ ഇതിനെല്ലാം കാര്യം.

ഗോവി:—അമ്മയ്ക്കുംഅച്ഛനും സ്വസ്ഥതയായില്ലെ. മകൻെറകാര്യം എങ്ങിനെയും ഇരിക്കട്ടെ!

ദേവ:—ഇതന്നെഞാനിപറഞ്ഞതാ. നിൻെറയച്ഛൻെറ ആഗ്രഹമായിരുന്നിതെല്ലാം.

ഗോവി:—(മൌനം)

ദേവ:—ആജോലിക്കു നീയൊരപേക്ഷയയച്ചില്ലെന്നും പറഞ്ഞിവിടെക്കിടന്നു ചാടുന്നതു കണ്ടു.

ഗോവി:—എനിക്കൊരു ജോലീംവേണ്ടാ! (നിശ്വസിച്ചിട്ട്) പിടിപ്പതുജോലിയുണ്ടല്ലോ? ഇനിയുമെന്തിനു വേറൊന്നുകൂടി വലിച്ചുവയ്ക്കുന്നു?

ദേവ:—ഈ വിചാരമൊക്കെക്കളഞ്ഞിട്ട് എന്നീം കാര്യംവല്ലതുമൊക്കെ നോക്കണം. എന്നും അച്ഛനമമ്മേം കണ്ടിരുന്നവരുവേല്ലാ.

ഗോവി:—അച്ഛനെവിടെ പോയിരിക്കുന്നു?

ദേവ:—വെളിയിലെവിടെയോ പോയതാ! കാപ്പീം കുടിച്ചേച്ചിറങ്ങിയാ. എന്തിനാ?

ഗോവി:—ചുമ്മാതെ ചോദിച്ചെന്നേയുള്ളു.

ദേവ:—വിവാഹോംചെയ്യിച്ചു് മകൻസുഖമായി ക ണ്ണാനായിതെല്ലാം ചെയ്തതു്. ആരറിഞ്ഞിങ്ങനെ ല്ലാംമായിത്തീരുമെന്നു്. ജാതകപ്പിഴയൊന്നുമില്ലെ ന്നുകണിയാരുപറഞ്ഞു. (മകനേനോക്കിക്കൊണ്ടു്) അതുകഴിഞ്ഞിട്ടു നീയെന്നെങ്കിലുമൊന്നു ചിരിച്ചി ട്ടുണ്ടോകുട്ടാ. (തലതിരിച്ചു് ജനലിൽക്കൂടിവെളിയി ലേക്കു നോക്കിക്കൊണ്ടിരിക്കുന്നു.)

ഗോവി:—ആഹ്ലാദത്തോടാത്തുനടന്നു ചിരിച്ചിട്ടുള്ള തെല്ലാം എത്രമാത്രം എല്ലാവരുംകണ്ടു. ഇനിയും മകൻെറകരളുനോവുന്ന ചിന്തകൾകാണാനേ തര മുള്ളു.

ദേവ:—നിങ്ങളുടെയെല്ലാമിഷ്ടംപോലാകിൻ. ഇതൊ ക്കെക്കാണാനിടയായതു വിധികൊണ്ടു തന്നെ. (അവരുടെ കണ്ഠം ഇടറി.) രാത്രിയിൽ നേരംവെളു ക്കുവോളം തിരിഞ്ഞുംപിരിഞ്ഞുംകിടക്കുകയല്ലാതെ ഒരു പോളക്കണ്ണടച്ചിട്ടു് മാസമെത്രായെന്നറി യാമോ?

ഗോവി:—എന്നെപ്പററി ആരുംദുഃഖിക്കേണ്ടാ. ഇവി ടെല്ലാരുടെയും ആഗ്രഹം സാധിച്ചുകൊള്ളട്ടെയെ ന്നു കരുതിയാണു് ഞാനിതിനു സമ്മതിച്ചതു്. (വെളിയിലേക്കു നോക്കിക്കൊണ്ടിരിക്കുന്നു.)

ദേവ:—ഉം! പണത്തിനും സ്ഥിതിക്കുമൊന്നുകുറവി ല്ലാത്ത ഒരു കുടുംബത്തിൽ...

ഗോവി:—വിവാഹംചെയ്യിച്ചാൽ മകന്നാനന്ദവും സു ഖവുമെല്ലാം കിട്ടുമെന്നുവിചാരിച്ചു.

ദേവ:—ആരറിഞ്ഞു ഇതുനിന്നെ ഈവിധം മൂകനാക്കുമെന്നു്. സ്വപ്നംകണ്ടു നടന്ന...

ഗോവി:—കുട്ടൻ യാഥാർത്ഥ്യങ്ങളിൽവീണു് പുളയുന്നു.

ദേവ:—ദാരദ്രത്തിക്കിടന്നു കഷ്ടപ്പെട്ടാതിരിക്കാൻ വേണ്ടപണവും സ്ഥിതിയുമുണ്ടാക്കി, പഠിപ്പിച്ചുയർത്തിയന്നിന്നെ, സങ്കടപ്പെടുത്തുവാൻ ഞങ്ങരം തയ്യാറാകുമോ മോനേ! (അവരുടെ കണ്ഠമിടറി.)

ഗോവി:—ഞാനാരേയും കുററപ്പെടുത്തുന്നില്ല എന്റെ തോൽവികളെല്ലാം എൻെറസ്വന്തമാണു്. അതിനാക്കും പങ്കില്ല.

ദേവ:—ഇതൊക്കെപ്പറഞ്ഞിരുന്നാൽ... (അവർ തുടുത്ത കണ്ണുകളോടെഎഴുന്നേററു് ഉള്ളിലേക്കുപോകുന്നു. ഗോവിന്ദൻകുട്ടിനായർ വീണ്ടും ചിന്തയിൽ ലയിക്കുന്നു.)

ഗോവി:—(കസേരയിൽ എഴുന്നേററിരുന്നുകൊണ്ടു്) ഞാനാണിതിന്നെല്ലാം കാരണം. ആരുമറിയാതെ ഏതോനിഴൽകണ്ടു് ഭ്രമിച്ചു ഞാനതിനെപിൻതുടന്നു. നിഴലിനേത്തേടി യാഥാർത്ഥ്യത്തെ കണ്ടുമുട്ടി. ആ ദേവകന്യകക്കു്—അതേഅവരം ദേവകന്യക തന്നെ. ആശനല്കി ആനന്ദിപ്പിച്ചു. അവരക്കു പണമില്ല, പാണ്ഡിത്യമില്ല. പണക്കാരൻെറപുത്രിയായി അവരംജനിച്ചില്ല. അവളാണോ അതി

ന്ന കുററക്കാരി. ഞാനവളെസ്സേഹിച്ചു. അവളെ ഓമനിച്ചു. പല വാഗ്ദാനങ്ങളുംനല്കി. ഈയുവതിയുടെ ആഗ്രഹങ്ങൾക്കുവഴങ്ങി, അവളതിന്നനുഭവിച്ചു. ഞാനതിന്നിന്നനുഭവിക്കുന്നു. (മൌനമായികുറേനേരം ഏകാഗ്രമായിരുന്നിട്ട്) ആ ഭയങ്കര പരമാൎത്ഥം. അതവൾമറച്ചു. എൻെറഭാഗ്യം. ഒരു സ്ത്രീയുടെ സഹനശക്തി! എൻെറസന്താനം! ഓ! അതാക്കുന്നതെങ്ങിനെ. എന്നെഅച്ഛായെന്നുവിളിക്കേണ്ട പിഞ്ചുപൈതൽ (ഭീകരമായ വ്യത്യാസങ്ങൾ മുഖത്തു പ്രത്യക്ഷപ്പെടുന്നു. അതടിച്ചമൎത്തുവാൻ ശ്രമിക്കുന്ന ലക്ഷണങ്ങളും മുഖത്തുവ്യക്തമാണ്.)ഒരുദുർദ്ദിനം എൻെറരഹസ്യങ്ങളെമൂടി. അന്നു ഞാൻ വിവാഹപ്പന്തലിലിരുന്നിവൾക്കു താലികെട്ടി. എൻെറ വിവാഹത്തിനവളുടെ സമ്മാനം ആ ആഹുതിയായിരുന്നു. (അംബുജം പ്രവേശിച്ച് അയാൾ കിടക്കുന്നതിനടുത്തുള്ള ഒരുകസേരയിൽ ആസനസ്ഥയാകുന്നു. ഗോവിന്ദൻകുട്ടിനായർ അതറിയുന്നില്ല.)രണ്ടാത്മാക്കൾ— പരിശുദ്ധങ്ങളായ രണ്ടാത്മാക്കൾ അതിനുവേണ്ടി ബലികഴിച്ചു. ഒരുപാപിയുടെ പശ്ചാത്താപത്തിനുവേണ്ടി.

അംബുജം:—അല്ല! സമുദായത്തിൻെറ പാഷാണതപം അലിയുന്നതിനാണ്. (അവളുടെ സംസാരംകേട്ടു ഞെട്ടിയുണരുന്നു. അയാളുടെആത്മഗതം അവൾ കേട്ടിരിക്കുമോയെന്നു സംശയിച്ചുകൊണ്ടു അവളെ തുറിച്ചുനോക്കുന്നു.)

ഗോവി.—നീ കുറെ നേരമായോ വന്നിട്ട്.

അംബു:—ഇല്ല.

ഗോവി:—(ആശ്വാസത്തോടെ) എന്റെ നെടുവീർപ്പുകൾ ആരും കേൾക്കരുത്.

അംബു:—ഞാൻ കേൾക്കണമെന്ന് സമുദായം വിധിച്ചുപോയെല്ലോ.

ഗോവി:—അതുകേട്ടാൽ നീ വാടിത്തളൎന്നുപോകും.

അംബു:—ഞാൻ അലഞ്ഞുവാടിയിട്ട് മാസം നാലഞ്ചായി.

ഗോവി:—ആരുടെ കുററം?

അംബു:—അങ്ങയുടെ.

ഗോവി:—അല്ല.

അംബു:—എന്നെ എന്തിന് വിവാഹം ചെയ്തു?

ഗോവി:—എല്ലാവരുടെയും ആഗ്രഹം സാധിപ്പാൻ.

അംബു:—എന്റെ ആനന്ദം നശിപ്പാൻ.

ഗോവി:—എനിക്ക നെടുവീർപ്പിടാൻ.

അംബു:—അങ്ങു പുരുഷനാണോ?

ഗോവി:—അല്ല. അധഃപതിച്ച പുരുഷക്കോലം.

അംബു:—അങ്ങെന്റെ—ഭൎത്താവല്ലെ?

ഗോവി:—ആണെന്നെല്ലാരും പറയുന്നു.

അംബു:—അങ്ങെന്നെ വിവാഹം ചെയ്തിട്ടുണ്ട്.

ഗോവി:—പുരോഹിതന്റെ മുമ്പിൽവച്ചു ചെയ്യുന്ന കൎമ്മംകൊണ്ട് യഥാൎത്ഥവിവാഹമാകയില്ല.

അംബു:—അതു പരമാൎത്ഥമാണ്.

ഗോവി:—ഞാനഭിലഷിച്ചിരുന്ന ജീവിതം തകൎന്നടഞ്ഞു.

അംബു:—ഞാനാഗ്രഹിച്ചിരുന്ന ഭാര്യാത്വം നശിച്ചു.
ഗോവി:—(സംശയത്തോടെ) നീയൊരു കാമുകിയായിരുന്നോ?
അംബു:—ഞാനെങ്ങിനെ സമ്മതിച്ചാലും ഭർത്താവിന്റെ മുമ്പിലതേറ്റുപറയും?
ഗോവി:—പറയൂ.
അംബു:—ആ ഭയങ്കരരഹസ്യം അങ്ങറിഞ്ഞാൽ ഇതിലും ഭ്രാന്തനാകും.
ഗോവി:—ഇല്ല. പറയൂ.
അംബു:—അതനാശാസ്യമാണ്.
ഗോവി:—അല്ല. എനിക്കതറിയണം.
അംബു:—ഞാനൊരു കാമുകിയായിരുന്നു. ആനന്ദമെന്തെന്ന് ഞാനറിയുന്നതു് ആകാലഘട്ടത്തിലാണ്.
ഗോവി:—നിന്റെ പ്രിയതമൻ?
അംബു:—പേരു് അങ്ങറിയരുതു്.
ഗോവി:—(ശാന്തനായി മൗനമായിരുന്നു ചിന്തിക്കുന്നു.)
അംബു:—ഞങ്ങളന്യോന്യം അറിഞ്ഞു. ഹൃദയം തുറന്നു സംസാരിച്ചു. ഉദിച്ചുയർന്നുകൊണ്ടിരുന്ന ചന്ദ്രബിംബം സാക്ഷിയാക്കി ഞങ്ങളൊരു നിശ്ചയം ചെയ്തു. അതെല്ലാം തകർത്തതു് ഈ ബന്ധമാണ്. (അല്പനേരം നിശബ്ദമായിരിക്കുന്നു.)
ഗോവി:—(മൗനം)
അംബു:—(കണ്ണുകളിൽ ബാഷ്പം നിറയുന്നു.)
ഗോവി:—അദ്ദേഹം ഇപ്പോൾ?

അംബു:—മരിച്ചു മണ്ണടിഞ്ഞു. (കൈകൊണ്ട് മുഖംപൊത്തി വിങ്ങിവിങ്ങിക്കരയുന്നു.)
ഗോവി:—(ആഗ്രഹത്തോടെ) ആത്മഹത്യാ?
അംബു:—അല്ല. അദ്ദേഹംഒരു ഭീരുവല്ലായിരുന്നു.
ഗോവി:—(ഞെട്ടി) പിന്നെ?
അംബു:—ചിന്തിച്ചു ചിന്തിച്ച് അദ്ദേഹത്തിന്റെ ആരോഗ്യംനശിച്ചു. കഴിഞ്ഞമാസം ടൈഫോയിട്ടു പിടിപെട്ട് ആശകൾതകന്നപോലെ അദ്ദേഹവുംതകന്നു.
ഗോവി:—അതിനുംകാരണം ഞാനാണോ?
അംബു:—(തുറിച്ചുനോക്കിക്കൊണ്ട്) സംശയമെന്ത്?
ഗോവി:—(മൌനം)
അംബു:—എന്റെനെടുവീർപ്പുകൾ തിങ്ങിനിൽക്കുന്നതാണ് ആമുറി; നമ്മുടെമണിയറ. (ഉള്ളിലേക്ക് ചൂണ്ടിക്കാണിക്കുന്നു.)
ഗോവി: – (മൌനം)
അംബു:—എൻെറആശകളുടെ സ്മശാനമാണത്.
ഗോവി:—(മൗനം)
അംബു:— എൻെറ ജീവിതകാരാഗ്രഹമാണത്.
ഗോവി:—(ദീർഘനിശ്വാസംവിടുന്നു. അടുത്ത് മേശമേലിരുന്ന പത്രമെടുത്തു നിവത്ത് അലക്ഷ്യമായി അതിൽ നോക്കിക്കൊണ്ടിരിക്കുന്നു.

(ഇരുട്ട് നല്ലതുപോലെ വ്യാപിച്ചുകഴിഞ്ഞു. വിളക്കിൻെറവെളിച്ചം തീരെമങ്ങിയിരിക്കുന്നു. അതുകൊളുത്തുമ്പോളുള്ള പ്രകാശംമാത്രമേ ഇപ്പോഴുമുള്ളു.

ആവെളിച്ചത്തിൽ രണ്ടുപേരുടേയുംമുഖങ്ങൾ അവ്യക്തമാണു്. പലതും ചിന്തിച്ചുകൊണ്ടു് രണ്ടുപേരും മൌനമായി ഇരിക്കുകയാണു്. അംബുജത്തിൻെറ മുഖംനിരാശാജനകമാണു്. ഗോവിന്ദൻകുട്ടിനായർ രൂക്ഷമായി ചിന്തിച്ചുകൊണ്ടിരിക്കുകയാണു്. വെളിയിൽമുററത്തു് ആരോവരുന്ന കാലൊച്ചകേൾക്കുന്നു.

ആഗതൻ—"തങ്കനക്ഷത്രമേവെൻകതിർവീശിയെൻ സങ്കല്പസീമയിൽ നീയുദിക്കേ—"എന്നു് താഴ്ന്ന സ്വരത്തിൽ മൂളുന്നുണ്ടു്. പടികയറി.

"ചിന്തിച്ചിരിക്കാതരഞൊടിക്കുള്ളിലെൻ
ചിന്തകൾക്കെല്ലാം ചിറകുകിട്ടി." എന്നു്

താഴ്ന്നസ്വരത്തിൽ പാടിക്കൊണ്ടു് ആഗതൻ തല ചായിച്ചു് ഹാളിലേക്കു നോക്കുന്നു. വാതലിൽ അല്പനേരം നിന്നശേഷം ആളുകളകത്തുണ്ടെന്നു മനസ്സിലായപ്പോൾ സാവധാനത്തിൽ അകത്തേക്കു വരുന്നു.

സോമശേഖരൻനായരാണു് ആഗതൻ. ഗോവിന്ദൻകുട്ടിനായരുടെ ഒരുററമിത്രമാണു്. അംബുജത്തിനെ നേരത്തേതന്നെ നല്ല പരിചയമുണ്ടു്. രണ്ടുപേൎക്കും അയാളെ വലിയ സ്നേഹമാണു്. അവരെ കണ്ടപ്പോൾ പുഞ്ചിരിക്കുന്നു.

സോമശേഖരൻനായർ:—നവദമ്പതികളുടെ നമ്മസല്ലാപത്തിനു ഞാൻ വിഘ്നാതമായെന്നു തോന്നുന്നല്ലോ ?

ഗോവി:—(മൌനം)

അംബു:—(മൌനം)

സോമ:—വിളക്കിൻെറ തിരിയുയത്തിവച്ചുകൊണ്ടിരു ന്നതോ ഇതൊക്കെ! (വട്ടമേശയെ സമീപിച്ച് വിളക്കിൻെറ തിരിയുയത്തുന്നു. ഹാറം പ്രകാശ മാനമായിത്തീരുന്നു. അടുത്തുള്ള ഒരു കസേരയിൽ ആസനസ്ഥനാകുന്നു.)

സോമ:—കേട്ടോ ചേട്ടാ! ഞങ്ങളൊരു വല്യ കോ ലാഹലം കഴിഞ്ഞിട്ട വരുവാണ്.

ഗോവി:—ഉം എന്താ?

സോമ:—അല്ല ഇവന്മാക്കൊക്കെ ഒരു വകതിരിവു വേണ്ടെ?

അംബു:—ഉം. എന്തുപററി?

സോമ:—ഇന്നായിരുന്നു ആ മീററിംഗ്.

ഗോവി:—ഏതു മീററിംഗ്?

സോമ:—ഈ ലോകത്തിലെങ്ങുമല്ലേ? (രണ്ടുപേരേ യും നോക്കി ചിരിച്ചുകൊണ്ട്) ആയിരിക്കുവാ നിടയില്ലല്ലോ!

ഗോവി:—അതേയീലോകത്തിലെങ്ങുമല്ല.

അംബു:—അല്ല. കൂടുതൽ ഈ ലോകത്തിലായി പ്പോയി.

സോമ:—കുടുംബിയായില്ലെ. രണ്ടു കുഞ്ഞുങ്ങളുംടാ കുമ്പോഠം ഇനിയും കൂടുതലാകും (ചിരിക്കുന്നു.)

അംബു:—(മൌനം)

ഗോവി:—ഏതു മീററിംഗെന്നു പറയൂ.

സോമ:—പുരോഗമനസാഹിത്യകാരന്മാരെന്നും പറ ഞ്ഞൊരുകൂട്ടം ഇറങ്ങിയിട്ടില്ലേ? അതിലൊരുവൻ

ഇന്നൊരു പ്രസംഗം ചെയ്തു. എല്ലാരുംകൂടി കൂവി ഓടിച്ചു.

ഗോവി:--നിങ്ങളുടെ ഇടയിലായാൽ ആരാ ഓടാ ത്തതു്?

സോമ: --അതെന്താ ചേട്ടാ! (ചിരിക്കുന്നു.)

അംബു;--ഞങ്ങളും ഇതൊക്കെ കണ്ടിട്ടില്ലെ

സോമ:--ഇല്ലെന്നു ഞാൻ പറഞ്ഞില്ല. അതൊക്കെ ഇനിയും സ്വപ്നം കണ്ടോണ്ടിരുന്നാ മതിയെല്ലോ!

ഗോവി:--(മൌനം)

അംബു:--(മൌനം)

സോമൻ:-- (പുഞ്ചിരിച്ചുകൊണ്ടു്.) വിവാഹംകഴി ഞ്ഞിട്ടു് രണ്ടുപേരുമൊന്നടഞ്ഞിട്ടുണ്ടു്.

ഗോവി:--യാഥാർത്ഥ്യങ്ങളുടെ തള്ളുകൊണ്ടാണു്.

സോമ:--(പുച്ഛരസത്തോടെ) യാഥാർത്ഥ്യം! എല്ലാ വരും ഇങ്ങനെ ചില വാക്കുകൾ പറയാറുണ്ടു്.

അംബു;--വാക്കുകളല്ല. സത്യങ്ങളാണു്.

സോമ:--എന്നായി തപ്പിഞ്ഞൊന്നമൊക്കെത്തുടങ്ങി യതു്?

അംബു:--അധികമായില്ല.

ഗോവി: --(മൌനമായി ജനാലയിൽകൂടി വെളിയി ലേക്കു നോക്കിക്കൊണ്ടിരിക്കുന്നു.)

സോമ:--എനിക്കൊരു സ്നേഹിതനുണ്ടു്. അയാളി തുപോലെയാണു്. എന്തുപറഞ്ഞാലും ചിരിക്കു കയില്ല. ജീവിതത്തിൻ ചിരിക്കാനൊന്നുമില്ലെ ന്നാണു് ആ വിദ്വാന്റെ തീയറി!

ഗോവി:--അതു ശരിയാണു്.

സോമ:--ആ!

അംബു--ജീവിതത്തിലാനന്ദമുണ്ടു്. പക്ഷേ വളരെ കുറച്ചുമാത്രം.

സോമ:—അടുത്തതീയറി ഇതെല്ലാമൊന്നു പ്രസിദ്ധപ്പെടുത്തണം.

ഗോവി:—പ്രസിദ്ധപ്പെടുത്തേണ്ട. എല്ലാവൎക്കും അറിവുള്ള പരമാൎത്ഥങ്ങളാണിവ.

സോമ:—വിവാഹംകഴിഞ്ഞ മനസ്സിലാകുമായിരിക്കും. (ചിരിക്കുന്നു.)

അംബു:—എല്ലാ വിവാഹങ്ങളുമില്ല.

ഗോവി:—ചിലതു മാത്രം.

സോമ:—(ചിരിച്ചുകൊണ്ടു്) ഇതു വല്ല്യ രസം തന്നെ. ഞാൻ മുമ്പു പറഞ്ഞില്ലേ ഒരു സ്നേഹിതൻെറ കാൎയ്യം. അയാളെപ്പോഴും പറയും All tragedies begin with marriage and all comedies end in marriage എന്നു്. തത്വജ്ഞാനികളിതിനെപ്പററി എന്തു പറയുന്നു?

അംബു:—(മൌനം)

ഗോവി:—(മൌനം)

സോമ.—അതൊക്കെയിരിക്കട്ടെ. വലിയ ദാഹം.

ഗോവി:—ചായ കുടിക്കാനുള്ള വിദ്യ! കുറെ ചായ കൊണ്ടുവരു അംബുജം.

(അംബുജം എഴുന്നേററു പോകുന്നു.)

സോമ:—എന്താ ചേട്ടാ അക്കനിത്രമാത്രം ക്ഷീണി ച്ചിരിക്കുന്നതു്? അന്നത്തെ ആളെയല്ലെല്ലോ.

ഗോവി:—(മൌനം)

സോമ:—വീട്ടിരുന്നൊരെ പ്പിരിഞ്ഞു ജീവിക്കുന്ന താല്പര്യമായിട്ടല്ലേ. പോരെങ്കിൽ കാളേജ്ജീവിതം കഴിഞ്ഞു് ഇപ്പോഴല്ലേ ഇങ്ങനെ അടച്ചിരിക്കു ന്നതു്?

ഗോവി:—അതുകൊണ്ടൊക്കെയാ.

സോമ:—ചേട്ടനും എന്തൊക്കെയോ ഒരു മാററം.

ഗോവി—ഈയിടെ നല്ല സുഖമില്ല.

സോമ—ഉം. എന്താ?

ഗോവി—ശരീരത്തിനാരോഗ്യം പോരാ.

സോമ—ആത്മപ്രിയയുടെ ശിശ്രൂഷകൊണ്ടു് ആരോ ഗ്യം വർദ്ധിക്കുമെന്നാണല്ലോ വയ്പ്പു്,

ഗോവി—അതേ.

സോമ—ഉദ്യോഗത്തിനു വല്ലതും ശ്രമിച്ചുകൊണ്ടിരി ക്കുകയാണോ?

ഗോവി—ഏയ്.

സോമ—അതിനു ഭൈ്രഘമുണ്ടല്ലോ എല്ലാവരേയുംചെ ന്നുകാണാനും ശിപാർശചെയ്യാനും. നിങ്ങളൊക്കെ ഭാഗ്യവാന്മാർ!

ഗോവി—(മൌനം)

സോമ—നല്ല നിലയിൽ വിദ്യാഭ്യാസംചെയ്തിച്ചു. ഒരു നല്ല കുടുംബത്തിൽ വിവാഹവുമായി. ജീവിത ത്തിൽ പരാജയമെന്തെന്നറിഞ്ഞിട്ടുണ്ടോ ചേട്ടാ ചേട്ടൻ?

ഗോവി--നിനക്കങ്ങനെയൊക്കെ തോന്നും.

സോമ--അക്കനൊണെങ്കിൽ എത്ര നല്ല സ്വഭാവം. ആരാണു ചേട്ടാ ഈ വിധത്തിലുള്ള ജീവിതം ഇഷ്ടപ്പെടാത്തതു്?

ഗോവി--നീ യാഥാൎത്ഥ്യങ്ങളൊന്നുമറിയുന്നില്ല.

സോമ--യാഥാൎത്ഥ്യങ്ങളെ ഞാനറിയുന്നുള്ളൂ. നാലു മണിക്കൂറുപോലും വെളിയിലിറങ്ങാതെ ഇരിക്കുന്നതു ചുമ്മാതാണോ?

(പുഞ്ചിരിച്ചു നോക്കുന്നു.)

(ദേവകിയമ്മ പ്രവേശിക്കുന്നു. സോമനെ നോക്കിക്കൊണ്ടു്)

ദേവ:—സോമാ! നീയെപ്പോഠം വന്നു.

സോമ:—ഇപ്പോഠം.

ദേവ:—എന്നിനി പോണം.

സോ..:—രണ്ടാഴ്ച കഴിഞ്ഞുമതി.

ദേവ:—ഇവന് ..പ്പുനെ വഴിവെച്ചെങ്ങാനും കണ്ടോ?

സോമ:—ഇല്ല. ചേട്ടനെ വെളിയിലെങ്ങും കാണാനില്ല ..ത്തുകൊണ്ടിങ്ങോട്ടൊന്നു കയറി.

ദേവ:— ..ടക്ക്ത്തോടെ) അവനിതേയൊരിപ്പ് നേര.. ..ത്താ വയ്യുന്നതുവരെ.

സോമ:—അതെന്താ?

ദേവ:—അതെന്താന്നെന്നു നീ ചോദിക്കു്.

സോമ:—വിവാഹം ഈയ്യിടെയല്ലേ കഴിഞ്ഞതു്? (ചിരിച്ചുകൊണ്ടു് ഗോവിന്ദൻകുട്ടിനായരെ നോക്കുന്നു.) അമ്മേമൊന്നുക്ഷിണിച്ചിട്ടുണ്ടു്.

ദേവ:—എന്തുചെയ്യാം സോമാ! തീരെ സുഖമില്ല.

സോമ:—ഓ! സാരമില്ല. എല്ലാമങ്ങുമാറും.

(അംബുജം മൂന്നു ടംബ്ളേറുകളുമായി പ്രവേശിക്കുന്നു. പുറകെ കിട്ടൻ ഒരു കെററിലിൽ ചായയുമായിവരുന്നു. തേയില മേശമേൽവച്ചിട്ട് അവൻ അകത്തേക്കുപോയി കുറെ പലഹാരങ്ങളുമായി വീണ്ടും പ്രവേശിക്കുന്നു. പലഹാരങ്ങൾ സോമശേഖരൻ നായർക്കുസമീപം വയ്ക്കുന്നു. കിട്ടൻ മാറി ഒതുങ്ങി നിൽക്കുന്നു.)

സോമ:—(പലഹാരത്തിൽ നോക്കിക്കൊണ്ടു്.) ഉം. കോളായെന്നുതോന്നുന്നല്ലോ. ഇതറിഞ്ഞിരുന്നെങ്കിൽ പോററിക്കു നാലണാകൊടുക്കാതെ നേരേ ഇങ്ങോട്ടുവരുമായിരുന്നു.

ദേവ:—നിങ്ങൾ കാപ്പികുടിക്കിൻ ഞാൻ നാമംജപിക്കുവായിരുന്നു. അപ്പൊഴാ അംബുജംപറഞ്ഞെ നീ വന്നിരിക്കുന്നെന്നു്. എന്നാലൊന്നുകാണാമെന്നുവച്ചു. നിങ്ങൾ കുടിക്കിൻ. (പോകുന്നു.)

(അംബുജം തേയില പകൎന്നുവയ്ക്കുന്നു. സോമൻ ഒരു കപ്പുചായയെടുത്തു കുടിക്കുന്നു. അംബുജം ഗോവിന്ദൻകുട്ടിനായൎക്കു് ചായയെടുത്തുകൊടുക്കുന്നു. അയാളും കുടിക്കുന്നു.)

സോമ:—(ചായകുടിനിൎത്തിയിട്ടു്) കേമമായിരിക്കുന്നു. ആരുടെ കയ്യാണു്?

ഗോവി:—കിട്ടനാണോടാ?

കിട്ടൻ:—അല്ലേ! കൊച്ചമ്മതന്നെയാ തയ്യാറാക്കിയതു്.

സോമ:—എന്നുംതന്നാൽ വയ്യിട്ടിതിലെവരാം.

അംബു:—(ചിരിക്കുന്നു.)

ഗോവി:—അംബുജം നീയുംകൂടിക്കൂ.

സോമ:—ഭർത്താവു കുടിച്ചശേഷമേ ഭാര്യയ്ക്കവകാശമുള്ളൂ.

ഗോവി—(പുഞ്ചിരിക്കുന്നു.)

സോമ—ചേട്ടാ! കാളേജിലീയിടെ ഒരു തമാശ്ശ്.

ഗോവി—എന്താ.

സോമ—കാളേജിലേതൊക്കെയെന്നറിയരുതോ?

അംബു—ഉം. പറയൂ.

സോമ—അവിടെ കുറെ കാമുകീകാമുകന്മാരുണ്ട്.

അംബു—(മൌനം)

സോമ—ഒരാളേതായാലും പഠിത്തംനിറുത്തി. ഒരുത്തന് പ്രണയത്തിനു പ്രതിഫലം ഒരുനാരങ്ങായും പൂച്ചെണ്ടുംകിട്ടി. അയാളിപ്പോൾ ശോകാത്മകതേപാംകൊണ്ടു നടക്കുവാണ്.

അംബു—കാളേജിൽ മാത്രമല്ലിതൊക്കെ.

ഗോവി—(മൌനം)

സോമ—ഇവന്മാരൊക്കെ ഒടുവിൽ സാഹിത്യകാരന്മാരാകുവാണ്! (ചിരിക്കുന്നു.)

അംബു—(ചിരിക്കുന്നു.)

സോമ—ഒരാളു കവിയായി. ഒരുത്തൻ ചെറുകഥക്കാരൻ. മറ്റൊരുവൻ മിസ്റ്റിക്കും. ഇങ്ങനാ പോക്ക്. ഇതാണീ പ്രണയത്തിന്റെയൊക്കെ അവസാനം.

അംബു--ഇതൊക്കെ സഹിക്കാം.

ഗോവി—കിട്ടാ! ഈ പാത്രങ്ങളൊക്കെയെടുത്തുകൊണ്ടുപോ.

(കിട്ടൻ പാത്രങ്ങളുമെല്ലാമെടുത്തുകൊണ്ടുപോകുന്നു.)

സോമ—(വാച്ചുനോക്കിക്കൊണ്ട്.) സമയമിത്രയായോ. ഞാനിറങ്ങട്ടെ. നേരത്തെ വീട്ടിലെത്തിയില്ലെങ്കിൽ വഴക്കാണു്. (നടന്നു വട്ടമേശക്കടുത്തെത്തുന്നു. With No Regrets എന്ന പുസ്തകം കാണുന്നു.) ഈ പുസ്തകം?

ഗോവി--സ്വന്തമാണു്.

സോമ--ഞാനിതുവായിച്ചില്ല. ഇതിന്റെ റിവ്യു കണ്ടു. രണ്ടുദിവസത്തിനകം ഇതിവിടെയെത്തിക്കാം. (പുസ്തകം കയ്യിലെടുത്തു് നിവർത്തുനോക്കിക്കൊണ്ടിരിക്കുന്നു.)

അംബു—ആട്ടെ!

(സോമൻ പുസ്തകവുമെടുത്തുകൊണ്ടുപോകുന്നു.)

"നാളെരാവിലെ നമ്മുടെനാടൊരു

നാകശാന്തിതൻമന്തിരിത്തോട്ടമാം"--എന്നു മൂളിക്കൊണ്ടുനടന്നു് വെളിയിലിറങ്ങി അന്ധകാരത്തിലേയ്ക്കു മറയുന്നു.)

ഗോവി--(പാട്ടു ശ്രദ്ധിച്ചുകൊണ്ടു്.) ഞാനും ഈവിധം സുഖിച്ചുനടന്നിട്ടുണ്ടു്.

അംബു--ഇതുപോലൊരു ഹൃദയം എനിക്കുമുണ്ടായിരുന്നു.

(രണ്ടുപേരും കുറെനേരം മൌനമായിരിക്കുന്നു.)

അംബു--അങ്ങു പലതും എന്നിൽനിന്നു മറയ്ക്കുന്നു.

ഗോവി--അതാണുനല്ലതെന്നു വിശ്വസിച്ചാണു്.

അംബു--നാമിങ്ങനെ ജീവിക്കേണ്ടിവന്നില്ലെ. അതെന്നോടു പറയണം.

ഗോവി--അതുകേൾക്കാൻ നിനക്കു ശക്തിയില്ല.

അംബു--എൻെറ ....ശക്തി ഞാനറിയിച്ചു കഴിഞ്ഞല്ലോ.

സോമ--അതിലും ഭയങ്കരമാണിതു്.

അംബു--(വിഷമിച്ചു്) ആ ടെങ്കിലിരിക്കുന്ന ഫോട്ടോ?

ഗോവി--അംബുജം! (തുറിച്ചുനോക്കുന്നു.)

അംബു--അതാരുടെ?

ഗോവി--നീയതെന്തിനു നോക്കി?

അംബു--(ശാന്തമായി) പേന നോക്കിയപ്പോൾ അതവിടിരിക്കുന്നതു കണ്ടു.

ഗോവി--(ദീർഘനിശ്വാസംവിട്ടു് കസേരയിലേക്കു ചായുന്നു.)

അംബു--അതേതു നിർഭാഗ്യവതിയുടെയാണു്?

ഗോവി--എൻെറ ഒരു സ്നേഹിതയുടെ.

അംബു--സ്നേഹിതയുടെയോ? അതിലെന്തെഴുതിയിരിക്കുന്നു? ഭയങ്കര പൊളിപറയരുതു്.

ഗോവി--അംബുജം! ആവശ്യമില്ലാത്തതൊന്നും അറിയേണ്ടാ.

അംബു--(കണ്ണുംതുടച്ചു) ആവശ്യമില്ലെ?

ഗോവി--നീയകത്തുപോക്ക. എന്നെ അലട്ടാതെ.

അംബു--(നിരാശയോടെ) വഞ്ചകൻ!

ഗോവി--എന്തുംപറഞ്ഞോള്ള.

അംബു--(കോപത്തോടെ) ആ എഴുത്തുകൾ?

ഗോവി--നീ വായിച്ചോ?

അംബു--ആ അബദ്ധം ഞാൻചെയ്തുപോയി.

ഗോവി--ഹാ! (മുഖംപൊത്തുന്നു:)

അംബു--ആ പൈതലിനെ അങ്ങേയ്ക്കു രക്ഷിക്കാമാ യിരുന്നു.

ഗോവി--(കോപത്തോടെ) ഛെ! മിണ്ടാതിരിക്കാൻ (അട്ടഹാസംപോലെ) പോ അകത്തു്.

(ഭയന്നു് ദേവകിയമ്മ വേഗംപ്രവേശിക്കുന്നു.

ദേവ--കുട്ടാ!

ഗോവി--എല്ലാവരുംകൂടി എന്നെനശിപ്പിച്ചു.

അംബു--എന്നെ അഗ്നിയിലിട്ടു.

ഗോവി--ഭ്രാന്തുപിടിപ്പിക്കിൻ എനിക്കാശ്വാസമാകട്ടെ.

ദേവ--കുട്ടാ! എന്തായിതു് (ഉറക്കെ) എടാ! കിട്ടാ. കിട്ടോ...

(എന്താ എന്നു വിളികേട്ടുകൊണ്ടു് കിട്ടൻ ഓടിയെത്തുന്നു.)

ദേവ--എടാ നീയോടിച്ചെന്നു് അടുത്തമിവിടെങ്ങാനമുണ്ടെങ്കിൽ വിളിച്ചോണ്ടുവാ.

ഗോവി--(കണ്ണുരുട്ടി) എടാ ഇ[illegible]ഞാനമിരുന്നോ. (കോപത്തോടെ) വെളിയിലിറങ്ങിയാൽ...

(കിട്ടൻ ഭയന്നുനില്ക്കുന്നു)

ദേവ—അംബു അകത്തുപോകൂ. ആ മുറിയിലെങ്ങാനം ചെന്നിരി.

(അംബുജം പോകുന്നു.)

ദേവ—കുട്ടാ! നിയിങ്ങനെയൊന്നും തുടങ്ങരുതു്.

ഗോവി—എങ്ങിനെത്തുടങ്ങി?

ദേവ—നീ പോയി കുളിച്ചു് ഒന്നുറങ്ങു്. (കിട്ടനോട്ടു്) കിട്ടാ വെള്ളം ചൂടായിട്ടില്ലേ?

കിട്ടൻ—ഉണ്ടേ!

ദേവ—നീയൊരു കഴുത്ത......(വിങ്ങിവിങ്ങിക്കരയുവാൻഭാവിക്കുന്നു.)

ഗോവി—അമ്മേ!

ദേവ—നീയൊന്നും ചോദിക്കുകയാണ്ട (കരയുന്നു.)

ഗോവി—കിട്ടാ! വെള്ളം ചൂടായിട്ടുണ്ടോ?

കിട്ടൻ—ഉണ്ടേ!

(ഗോവിന്ദൻകുട്ടി നായർ അകത്തേക്കു പോകുന്നു. അപ്പോൾ നാനാനിശ്ശബ്ദത. ആരോ മുറ്റത്തു വരുന്ന കാലൊച്ച കേൾക്കുന്നു. കൃഷ്ണപിള്ള സായാഹ്നസവാരി കഴിഞ്ഞുവരുന്ന വേഷത്തിൽ പ്രവേശിക്കുന്നു.)

കൃഷ്ണപിള്ള:—എന്താ ദേവകി വല്ലാതെനില്ക്കുന്നെ?

ദേവ:—(നോക്കാതെ) എല്ലാം കൂടി ഇവിടെകഴിഞ്ഞാലിൻ ഞാനവിടെകിലും പൊയ്ക്കൊള്ളാം

കൃഷ്ണ:—ഉം...? കാര്യംപറയൂ.

ദേവ:—(നടന്നു് ജനാലയ്ക്കടുത്തുചെന്നു നില്ക്കുന്നു.

കൃഷ്ണ:—എന്തായിരുന്നു കിട്ടാ?

കിട്ടൻ:—എൻറങ്ങുന്നേ വല്ലാവെഷളമൊക്കെയായിരുന്നു.

കൃഷ്ണ:—(ആവേശത്തോടെ) എന്തായിരുന്നെടാ?

കിട്ടൻ:—ഞാനിവിടെവന്നപ്പോ കൊച്ചുങ്ങുന്നും അമ്മച്ചീംകൂടെ കശയാ.

കൃഷ്ണ:—എടീ! കാര്യംപാറ. ശവങ്ങളോടുചോദിച്ചാലുംമിണ്ടുകില്ല. എന്തോന്നുചെയ്യും? (വടി കസേരയിലും നേര്യത്ു മേശയിലുമിടുന്നു. ഷട്ടുകൊണ്ടു്വീശികൊണ്ടു് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.) ഇവനെ പഠിപ്പിച്ചിത്രയുമാക്കിയതിൻെറ പ്രതിഫലം! വല്ല എമ്പോക്കിപ്പെണ്ണിന്റെകൂടെ ഇറങ്ങിപ്പോയാൽ നമുക്കെല്ലെകുറവു്. അവനെവിടെ?

കിട്ടൻ:—(ദേവകിയമ്മ മൌനമായിരിക്കുന്നതുകണ്ടു്) കുളിക്കാനിപ്പമങ്ങോട്ടുപോയി.

കൃഷ്ണ:—എടാ നീപോയി കുറെ ചായകൊണ്ടുവാ.

(കിട്ടൻപോകുന്നു. കൃഷ്ണപിള്ള ദേവകിയുടെ അടുത്തുചെന്നു്.)

കൃഷ്ണ:—(സൗമ്യതയോടെ) എന്തായിരുന്നു?

ദേവ:—പറയാമേപറയാം! ആ പാവംപിടിച്ചപെണ്ണിനെക്കൂടെ കഷ്ടപ്പെടുത്തി. അവളിവിടെവന്നതിൽപിന്നെ സുഖമെന്തന്നറിഞ്ഞിട്ടില്ല.

കൃഷ്ണ:—അവരുതമ്മിൽ വല്ലതുമുണ്ടായോ?

ദേവ:—ഞാനകത്തിരിക്കുമ്പോൾ ഇവിടെ വലിയ ഒരട്ടഹാസംകേട്ടോടിവന്നു. അവളിരിന്നു കരയുന്നു.

കട്ടനിവിടെക്കിടന്നു വാവെയ്ക്കുന്നു. ഇതൊക്കെ കാണാനും കേൾക്കാനും ദൈവമേ. (കരയുവാൻ ഭാവിക്കുന്നു.)

കൃഷ്ണ.—എന്തുകഷ്ടം! വയസ്സുകാലത്തു സ്വല്പംസ്വാസ്ഥതകിട്ടുമെന്നുവിചാരിച്ചു. എടീ നിന്റെ മോനല്ലേ പ്രാ അവൻ?

ദേവ:—ഉള്ളതിനെല്ലാം എന്നെപ്പറഞ്ഞോണ്ണും. ആരാണ്ട ചോദിക്കാനിരിക്കുന്നോ?

കൃഷ്ണ—ഈയ്യിടെ അവനെന്തോന്നാ?

ദേവ—അവധിക്കുന്നതാം.

കൃഷ്ണ—തുടങ്ങടീ. നീയും തുടങ്ങിക്കോ ഇതൊക്കെ കേട്ടോണ്ടിരിക്കാനാ എന്റെതലേലെഴുത്ത്.

(അടുത്തമുറിയിൽ വീണ്ണക്കമ്പിയുടെ ശ്രുതിയിടുന്നശബ്ദംകേൾക്കുന്നു. ശോകാത്മകതാംനിറഞ്ഞ സ്വരങ്ങൾ അതിൽപാടുന്നു.)

കൃഷ്ണ—(പാട്ടുശ്രദ്ധിച്ചു്) ആ പെണ്ണിനെക്കൂടി നശിപ്പിച്ചു.

ദേവ—ആരായിതെല്ലാം ചെയ്തത്?

കൃഷ്ണ—ഞാനാടി! നിനക്കതുകേട്ടാമതിയെല്ലോ.

ദേവ—ഉള്ളതിനെല്ലാം കണ്ണുരുട്ടിയേച്ചാമതി.

(കിട്ടൻചായയുമായി പ്രവേശിക്കുന്നു. കൃഷ്ണപിള്ള ചായകുടിക്കുന്നു. ദേവകിയമ്മ നിശബ്ദമായിനില്ക്കുകയാണു്. കൃഷ്ണപിള്ള ചായകുടികഴിഞ്ഞു് അകത്തേക്കുപോകുന്നു. കിട്ടൻ വടിയും നേര്യതുമെടുത്തുകൊണ്ടു പിൻതുടരുന്നു. അകത്തു് വീണയുടെ സ്വരം കൂടുതൽ കൂടുതൽ വ്യക്തമാകുന്നു. ഒരു ശോകാത്മകതാംനിറ

ഞ്ഞ ഗാനമാണു് അതിൽ പാടുന്നതു്. ഗാനം രംഗത്തു് പ്രതിധ്വനിക്കുന്നുണ്ടു്. ദേവകിയമ്മ ഗാനം ശ്രദ്ധിച്ചു് കുറേനേരം മൌനമായിനിന്നശേഷം.)

ദേവ — ഇതിലൊന്നും അവനാനന്ദിക്കുവാൻ, ആശ്വസിക്കുവാൻ സാധിക്കാതെവന്നെല്ലോ. ഞങ്ങളറിയാത്ത, അവനറിയിക്കാത്ത പരമരഹസ്യങ്ങൾ അവനുണ്ടു്. അല്ലെങ്കിൽ ഈ വിവാഹം അവനെ ഇത്രമാത്രം വ്യത്യാസപ്പെടുത്തുകയില്ല (ചിന്തിച്ചുകൊണ്ടു് നടക്കുന്നു.) ഈ ബന്ധം വേണ്ടായിരുന്നു. ആ പാവംകൂടി ഇവിടെവന്നു് ഞങ്ങളുടെ ദുർദ്ദശയിൽ പങ്കാളിയായി. കഷ്ടം! ദൈവമേ!... (അധരങ്ങൾകടിച്ചുകൊണ്ടു് അങ്ങോട്ടുമിങ്ങോട്ടുംനടക്കുന്നു. ശോകംനിറഞ്ഞ മുഖഭാവം.)

(അകത്തെഗാനാലാപം വളരെവേഗത്തിലാകുന്നു. അങ്ങിനെ ഒന്നുരണ്ടുമിനിററുകൾനില്ക്കുന്നു. പെട്ടെന്നു് അതുനിർത്തുന്നു. അത്യഗാധമായ, ശൂന്യമായ ഒരുശാന്തത രംഗത്തു് അനുഭവപ്പെടുന്നു. അംബുജം ഹാളിലേക്കുള്ളവാതലിൽ പ്രത്യക്ഷപ്പെടുന്നു. കണ്ണുകൾ കലങ്ങിയുടഞ്ഞു് ചുവന്നും കവിൾത്തടങ്ങൾതുടിച്ചു രക്തവർണ്ണമായും കാണപ്പെടുന്നു. തലമുടികണ്ടമാനം കിടക്കുകയാണു്. വേഷവുംഅലങ്കോലപ്പെട്ടിട്ടുണ്ടു്. ദേവകിയമ്മ അംബുജത്തെ അല്പനേരത്തേക്കറിയുന്നില്ല. അംബുജംസാവധാനം മുമ്പോട്ടുവരുന്നു. രണ്ടുപേരും മുഖത്തോടുമുഖംകാണുന്നു. അല്പനേരം നിശ്ശബ്ദത.)

അംബുജം—(ഇടറിയസ്വരത്തിൽ) അമ്മേ! എനിക്കു പോകണം.

ദേവകിയമ്മ—എവിടെ അംബു?

അംബു—വീട്ടിൽപോയിട്ട് കുറെനാളായില്ലെ.

ദേവ—ശരീരമൊക്കെയൊന്നു നന്നായിട്ടു പോയാൽ മതി.

അംബു—അതു നന്നാകുകയില്ല.

ദേവ—ഛെ! അങ്ങിനെപറയരുതു്.

അംബു—ഞാനിയിയും ഇവിടെകഴിഞ്ഞാൽ മരിച്ചു പോകും.

ദേവ—(മൌനം)

അംബു—ഞാനാണു് അദ്ദേഹത്തിന്റെഅനുഭവങ്ങൾക്കു കാരണം.

ദേവ—അല്ല, അംബുഅല്ല.

അംബു—എനിക്കു നാളെപോകണം.

ദേവ—ഞങ്ങളെപ്പററി നീയൊന്നാലോചിക്കു.

അംബു—ഞാനാലോചിച്ചു.

ദേവ—(മൌനം)

അംബു—എൻെറകണ്ണുനീരാണു് ഉവിടുത്തെ കണ്ണുനീരിനുകാരണം. ആരുമറിയാതെ ഒരുകോണിലിരുന്നു് ഞാനതു ചൊരിഞ്ഞുകൊള്ളാം. ആരുംഎൻെറ കണ്ണുനീരുകണ്ടു കരയാതിരിക്കട്ടെ!

ദേവ—(വികാരവേശത്തോടെ) കുഞ്ഞേ! എന്താണിതു്.

അംബു—രക്തമൊലിക്കുന്ന ഒരു തകന്നഹൃദയം.

ദേവ—നീയെന്തിനു വീട്ടിൽപോകുന്നു.

അംബു—ആരുമറിയാതെ ഒരുകോണിലിരുന്നു് കരയാൻ.

ദേവ—(മൌനം)

അംബു—എന്തിനു ഞാനീക്കറ്റിരിട്ടിൽ കൂട്ടില്ലാതെ കിടന്നു ചിറകടിക്കുന്നു? അഴലിൽ അനുതപിക്കുവാനാളുണ്ടെങ്കിൽ ആശ്വാസമുണ്ടു്.

ദേവ—(ക്ഷീണിച്ചു്) നിനക്കാരും കൂട്ടില്ലേ?

അംബു—ഇല്ല.

ദേവ—നിൻെറ കൂട്ടുകാരനിവിടില്ലേ?

അംബു—ഇല്ല.

ദേവ—കുട്ടനോ?

അംബു—ഹൃദയമില്ലാത്ത ശൂന്യൻ.

ദേവ—(ശക്തിയോടെ) എൻെറ കുട്ടനോ?

അംബു—അതേ! അന്തസ്സും ആത്മാഭിമാനവുമില്ലാത്ത ഭീരു.

ദേവ—അല്ല.

അംബു—(ശക്തിയായസ്വരത്തിൽ) അതേ!

ദേവ—അവൻ നിൻെറ ഭർത്താവാണു്.

അംബു—ആണെന്നെല്ലാവരും പറഞ്ഞാൽ പോരെല്ലോ.

ദേവ—അവൻെറ ഭാര്യ...?

അംബു—(ഇടയ്ക്കുകയറി) മരിച്ചു.

ദേവ—അബദ്ധംപറയരുതു്.

അംബു—അബദ്ധമല്ല; പരമാർത്ഥമാണു്.

ദേവ—(മൌനം)

അംബു--ഒരു പിഞ്ചുപൈതൽ ഉദരത്തിലുള്ളപ്പോഴാ ണു് അവൾ ആത്മഹത്യചെയ്തതു്.

ദേവ--അയ്യോ! അപ്പോളിവൻ...

അംബു--രണ്ടാത്മാക്കളെ നശിപ്പിച്ച ഭീരു.

ദേവ--(കൈകൊണ്ടു മുഖംപൊത്തുന്നു.)

അംബു--എന്റെ ഭർത്താവായി വേഷമിട്ട ആത്മവ ഞ്ചകൻ.

ദേവ--നീ...നീ കള്ളം പറയുകയാണു്.

അംബു--(രൂക്ഷമായിനോക്കിക്കൊണ്ടു് ശക്തിയായ സ്വരത്തിൽ) ഞാനോ?

ദേവ--നീ അവനെ ദൂഷിക്കുകയാണു്.

അംബു--(ആത്മഗതമെന്നപോലെ) ഇത്രയുംനാൾ ഇതു മിണ്ടാതിരുന്നതിന്റെ അനുഭവം!

ദേവ--ഇതു പരമാർത്ഥമാണോ?

അംബു--അതേ! ഇതെല്ലാം നിങ്ങളറിയാതെയായി രുന്നോ ഈ വിവാഹം...?

ദേവ--അതേ!

അംബു--ഇതറിയാതേയാണീവിവാഹം നടത്തിയതു്.

ദേവ--അതേ!

അംബു--(ആത്മഗതംപോലെ) ആരെയെല്ലാം വ ഞ്ചിച്ചിരിക്കുന്നു.

ദേവ--ഞാനിതെങ്ങിനെ വിശ്വസിക്കും.

അംബു--ഞാൻ വിശ്വസിപ്പിക്കാം.

(കൃഷ്ണപിള്ള പ്രവേശിക്കുന്നു. ഉൗരിഴൻതുണി കൊണ്ടു് വട്ടക്കഴുത്തിൽതച്ചിട്ടുള്ള ബന്ന്യൻ ധരിച്ചിട്ടു ണ്ടു്. തോളിൽ കറുത്തചുട്ടിക്കരയൻ തോർത്താന്നു്

ഇട്ടിരിക്കുന്ന നല്ലമൻമൽമുണ്ടാണുടുത്തിരിക്കുന്നതു്. ആശ്വാസമില്ലാത്ത മുഖഭാവം. എന്തെന്നില്ലാത്ത ആ ഒരസ്വസ്ഥത. വിവിധരീതിയിലുള്ള ചിന്തകൾ തിരതല്ലുന്ന ഹൃദയത്തിന്റെ പ്രതിച്ഛായയാണു് മുഖലക്ഷണം. നടന്നുവന്നു് ചാരുകസേരയിൽ ഇരിക്കുന്ന പ്രവേശനത്തോടെ രംഗം നിശ്ശബ്ദമായിരിക്കുന്നു. ദേവകിയമ്മ വെളിയിലെ അന്ധകാരത്തിലേക്കു് അലക്ഷ്യമായി നോക്കിക്കൊണ്ടിരിക്കുകയാണു്. അംബുജം ഒതുങ്ങിനിൽക്കുന്നു. ടേബിൾലാമ്പിന്റെ വെളിച്ചം മതിയാകുന്നില്ല. എല്ലാമൊരവ്യക്തതയിൽ മാത്രമേ കാണാവു.)

കൃഷ്ണപിള്ള—(ഉച്ചത്തിൽ) എടാ! കിട്ടാ (എന്തോ എന്നു് അകത്തു് കേൾക്കുന്നു.) ആ തട്ടമിങ്ങെടുത്തോണ്ടുവാ. തിരിഞ്ഞു്) ദേവകീ! അംബുജമെന്താണു് സംസാരിച്ചുകൊണ്ടിരുന്നതു്.

ദേവ—അവൾക്കു വീട്ടിൽ പോകണമെന്നു്.

കൃഷ്ണ—ഉം?

അംബു—നാളെ ഞാൻ പോകുകയാണു്.

കൃഷ്ണ—എന്താ അംബു?

അംബു—(നിലത്തു നോക്കിക്കൊണ്ടു്) കുറെ വിശ്രമിക്കാൻ.

കൃഷ്ണ—നീ നന്നാക്ഷീണിച്ചിരിക്കുന്നു.

ദേവ—കരഞ്ഞു കരഞ്ഞാണു്.

കൃഷ്ണ—(മൌനം)

അംബു—അതിനിയും തീൻിട്ടില്ല.

കൃഷ്ണ—അവനു ചിന്ത!

ദേവ—ഇവരുടെ കരച്ചിൽ

അംബു—അതാണു വിധി.

(കിട്ടൻ വെററിലത്തട്ടംകൊണ്ടു് ചാരുകസേരയുടെ സമീപമുള്ള ചെറുമേശയിൽവച്ചിട്ടു് പോകുന്നു. കൃഷ്ണപിള്ള ഒരു പാക്കെടുത്തു് വെട്ടിക്കൊണ്ടിരിക്കുന്നു.)

അംബു—ആശ്വാസകേന്ദ്രമായിരിക്കുമിതെന്നു് ഞാൻ പ്രതീക്ഷിച്ചിരുന്നു.

കൃഷ്ണ—അല്ലേ?

ദേവകി—ഇവിടെ വന്നതിൽപിന്നെ ആനന്ദമവളറിഞ്ഞിട്ടുണ്ടോ?

കൃഷ്ണ—(മൌനം)

ദേവ—അവളുടെ കണ്ണുതോന്നിട്ടുണ്ടോ?

അംബു—എന്റെ ആശക്കതീതമായി ആനന്ദമുണ്ടായിരിക്കുമിവിടെന്നു വിശ്വസിച്ചാണു് ഞാനീ ബന്ധത്തിനു് തയ്യാറായതു്. മററു സകലതും അതിനുവേണ്ടിയാണു് ഞാൻ പരിത്യജിച്ചതു്.

കൃഷ്ണ—അതിനു വിപരീതമാണോ അനുഭവം?

അംബു—ആതങ്കസമുദ്രത്തിന്റെ അടിത്തട്ടിലാണീ ഗൃഹം.

കൃഷ്ണ—(മൌനം)

ദേവ—(മൌനം)

അംബു—എന്റെ ഭർത്താവു് ആശയററ ഒരു കാമുകനാണു്.

കൃഷ്ണ—(ആശ്ചര്യത്തോടും കോപത്തോടും) എന്തു്?

അംബു—(ഗൗനിക്കാതെ) ആരുമറിഞ്ഞിട്ടില്ലാത്ത ഒരു ഭയങ്കരരഹസ്യം.

കൃഷ്ണ—നീയാണ് അവൻെറ ആദ്യഭാൎയ്യ.

അംബു—എല്ലാവരും അങ്ങിനെധരിച്ചിരിക്കുന്നു.

കൃഷ്ണ—നിൻെറബുദ്ധിക്കു......

അംബു—ഞാൻ ബോധത്തോടുകൂടി, തെളിഞ്ഞബുദ്ധിയോടുകൂടിയാണു് സംസാരിക്കുന്നതു്. ഇനിയും അതു മറച്ചുവെയ്ക്കുവാൻ എനിക്കു സാദ്ധ്യമല്ല.

(ഗോവിന്ദൻകുട്ടിനായർ പ്രവേശിക്കുന്നു. കുളികഴിഞ്ഞു് മുടിഭംഗിയായി ചീകിവച്ചിരിക്കുന്നു. മുഖത്തൊരുതെളിച്ചമുണ്ടെങ്കിലും ചിന്തയ്ക്കു കുറവില്ലെന്നു വ്യക്തമാണു്. കണ്ണുകൾതാണും ചുവന്നുമിരിക്കുന്നു. ഗാഢമായചിന്തയോടുകൂടിയാണു് പ്രവേശിച്ചിരിക്കുന്നതു്. ചുവന്നകരയുള്ള സില്ക്കുവേഷ്ടിയാണുടുത്തിരിക്കുന്നതു്. സംഭാഷണവിഷയം അയാളുതന്നെയാണെന്നു് മനസ്സിലാക്കിയഭാവമുണ്ടു്. സാവധാനംനടന്നു് പുസ്തകങ്ങളുംമററുംവച്ചിരിക്കുന്ന വലിയമേശക്കു സമീപമെത്തി റിസ്റ്റവാച്ചെടുത്തുകെട്ടുന്നു. കൃഷ്ണപിള്ള ചാരുകസേരയിൽ കാലുംപൊക്കിവച്ചുകിടക്കുകയാണു്. ദേവകിയമ്മ ജനാലക്കുസമീപമെത്തി അലക്ഷ്യമായിവെളിയിലേക്കു നോക്കിക്കൊണ്ടുനില്ക്കുന്നു. അംബുജത്തിൻെറമുഖഭാവം നിരാശാജനകമാണു്. എന്തൊക്കെയോ നിശ്ചയിച്ചുകഴിഞ്ഞുതായി തോന്നുന്നുണ്ടു്. തലകുനിച്ചു്, നില്ക്കുന്നു.)

കൃഷ്ണ—കട്ടാ!... എന്തോപറയുവാനുദ്യമിച്ചതു് അ തേ്ഥാകതിയിൽ വിരമിച്ചപോലെ) നീ...

ഗോവി—ഞാനെന്തുവേണം?

ദേവ—അംബുജത്തിനു പോകണമെന്നു്.

ഗോവി—എവിടെ?

ദേവ—അവളുടെ വീട്ടിൽ.

ഗോവി—(മൌനം)

കൃഷ്ണ—നിൻെറ ചിന്തയുംമൌനവും അവൾക്കസഹ നീയമാണു്.

ഗോവി—അതിനു ഞാനെന്തുവേണം?

കൃഷ്ണ—നീശരിക്കു ജീവിക്കണം.

ഗോവി—ഞാൻ ശരിക്കുതന്നെയാണു ജീവിക്കുന്നതു്.

കൃഷ്ണ—(അസ്വസ്ഥതയോടെ) ഈ ലോകത്തിലല്ല.

ദേവ—ഞങ്ങളുടെ ഒരൊററമകനാണുനീ. കാൎയ്യങ്ങൾ നോക്കേണ്ട സമയമായി.

കൃഷ്ണ—മാനിനക്കിത്രമാത്രം ചിന്തിക്കാനെന്തു്?

ഗോവി—പലതുംകാണും.

കൃഷ്ണ—നല്ല ഒരുകുടുംബത്തിൽ വിവാഹംചെയ്യിപ്പി ച്ചതിനിത്രമാത്രമൊന്നുംവിചാരിക്കുവാനില്ല.

ദേവ—നിൻെറ ഇഷ്ടംചോദിച്ചാണു് അതു നടത്തി യതു്.

അംബു—അദ്ദേഹം ഒരു ഭീരുവാണു്. അതുകൊണ്ടാ ണതിനു സമ്മതിച്ചതു്.

ഗോവി—(രുക്ഷഭാവത്തോടെ) അവളൊരു കാമുകി യാണു്.

അംബു—അല്ല. ആയിരുന്നു.

ഗോവി—എനിക്കതസഹനീയമാണു്.

(കൃഷ്ണപിള്ളയും ദേവകിയമ്മയും അംബുജത്തെ രൂക്ഷമായി നോക്കുന്നു.)

അംബു—അതേ! ആയിരുന്നു. എനിക്കതു പറയുവാൻ ഭയമില്ല.

ഗോവി—വിവാഹം കഴിഞ്ഞാണു ഞാനതറിയുന്നതു്.

അംബു—(ആശ്ചര്യത്തോടെ) അതുകൊണ്ടാണ് അങ്ങ് മൂകനായിരിക്കുന്നതു് അല്ലേ?

ഗോവി—അതെ!

അംബു—വഞ്ചകൻ!

കൃഷ്ണ—അംബു; നീ...നീയൊരു...

അംബു:—(മൌനം)

ഗോവി:—അല്ലെന്നവരം പറയട്ടെ!

കൃഷ്ണ:—അംബു!

അംബു:—അതേ! (മുഖത്തെ വികാരങ്ങൾ മറയ്ക്കുവാൻ കൈകൊണ്ടു മുഖം പൊത്തിക്കൊണ്ടു് വിങ്ങിവിങ്ങി നിൽക്കുന്നു.)

ഗോവി:—അവർ പലതും നിശ്ചയിച്ചിരുന്നു. വിവാഹത്തിനവരെ......!

കൃഷ്ണ:—പിന്നെ...!

ഗോവി:—ഈ വിവാഹമാണതിനു പ്രതിബന്ധമായതു്.

അംബു:—എന്റെ ജീവിതത്തിൽ വിഷം കലക്കിയ

ത്തു് ഈ ബന്ധമാണു്. ഞങ്ങളുടെ പ്രണയ ദീപമണച്ചതു് ഈ കൊട്ടകാററാണു്.

കൃഷ്ണ:—നിൻെറ.....അയാറം......

അംബു:—(മുഖമുയർത്തി) മരിച്ചു. മണ്ണോട്ടു ചേൎന്നു കഴിഞ്ഞു. (പൊട്ടിക്കരയുന്നു)

കൃഷ്ണ:—പിന്നെ...നീ...

അംബു:—ഞാനതു സഹിച്ചു. (കണ്ണുനീർ പൊഴിഞ്ഞുകൊണ്ടു്) ഇദ്ദേഹത്തിനുവേണ്ടി ഞാനതു സഹിച്ചു.

കൃഷ്ണ:—(മൌനം)

ദേവ:—(മൌനം)

അംബു:—സമുദായം എൻെറ ജീവിതമറിയാതെ ഇദ്ദേഹത്തെ ഭൎത്താവാക്കാനാജ്ഞാപിച്ചു. എൻെറ രഹസ്യമാരോടു പറയും? ഞാനെല്ലാം ബലികഴിച്ചു. കാമുകനിൽനിന്നും ലഭിക്കേണ്ട ആനന്ദം ഇവിടെ ഇദ്ദേഹത്തിൽനിന്നും ഞാൻ പ്രതീക്ഷിച്ചു. (വിങ്ങിവിങ്ങിക്കരഞ്ഞിട്ടു്) എന്തുചെയ്യാം ആശയററ ഒരു കാമുകനാണു് എൻെറ ഈ നിൽക്കുന്ന ഭൎത്താവു്.

കൃഷ്ണ:—(ഭയങ്കരമായി) ആരു് കട്ടനോ?

ഗോവി—(ഞെട്ടുന്നു)

അംബു—അതേ! അങ്ങയുടെ മകൻ തകൎന്ന ഒരു കാമുകനാണു്.

കൃഷ്ണ—(കോപത്തോടും അത്ഭുതത്തോടും) കട്ടാ...!

ഗോവി—(തലയുയൎത്താതെ) പച്ചക്കള്ളമാണതു്.

അംബു—(കോപത്തോടെ) അതു കള്ളമോ? മുഖമു യർത്തിപ്പറയൂ.

ദേവ—(സഹികെട്ട്) കുട്ടാ! എൻെറ കുഞ്ഞേ!...

അംബു—ഈവിധത്തിലുള്ള ഭീരുക്കളായ പുരുഷക്കോലങ്ങളാണ് സമുദായത്തിലെ ഘോരനീതികളെ തല്ലിപ്പൊത്തി വച്ചിരിക്കുന്നത്.

ഗോവി—അബദ്ധം പറയരുത്.

അംബു—(ശ്രദ്ധിക്കാതെ) അവർക്കു പ്രേമിക്കാം. ആശകൾ സാധിക്കാം. എല്ലാം അണിയറയിൽവച്ചു മാത്രം.

ദേവ—അംബു കോപിക്കാതിരി.

അംബു—(ശ്രദ്ധിക്കാതെ) പ്രവൃത്തികൾ തുറന്നുപറയാൻ ഭയം...!

കൃഷ്ണ—അംബു! ശാന്തമാകൂ.

അംബു—ആത്മാഭിമാനമില്ലാത്തവരുടെ മുമ്പിൽ എങ്ങിനെ ശാന്തമാകും.

ഗോവി—അവർക്കു ലക്കില്ല.

അംബു—(ആശ്ചര്യത്തോടും ശക്തിയോടും) എനിക്കു ലക്കില്ല. അതേ! എന്നുപറഞ്ഞാലെങ്കിലും ഇതാരും വിശ്വസിക്കാതിരിക്കുമല്ലോ...!

ദേവ—കുട്ടാ! ഇതൊക്കെ...!

ഗോവ—വെറും കള്ളം! അബദ്ധം!

അംബു—(അല്പം ശാന്തയായി) എനിക്കിനി ആഗ്രഹങ്ങളൊന്നുമില്ല. ഏററുപറയുവാൻ ഭയവുമി

ല്ല. അങ്ങും അതെല്ലാം ഇവരോടേററുപറയു. അവർ ക്ഷമിക്കും!

ഗോവി—എനിക്കേററു പറയാനൊന്നുമില്ല.

അംബു—(കോപത്തോടെ) ഒന്നുമില്ലേ?

കൃഷ്ണ—അംബു! അവൻ നിൻെറ ഭത്താവല്ലെ?

അംബു—ആണോയെന്നു ചോദിക്കണം!

കൃഷ്ണ—കുട്ടാ...!

ഗോവ—അതേ!

അംബു—അങ്ങെൻെറ ഭത്താവാണോ? മുഖത്തുനോക്കിപ്പറയു.

ഗോവി—ഞാൻ നിന്നെ വിവാഹംചെയ്തിട്ടുണ്ടു്.

കൃഷ്ണ—കുട്ടാ!

ദേവ—എൻെറ കുഞ്ഞേ!

അംബു ഇദ്ദേഹത്തിൻെറ കാളേജുജീവിതം അങ്ങറിഞ്ഞിട്ടില്ല.

കൃഷ്ണ (ഗോവിന്ദൻകുട്ടിയെ രൂക്ഷമായിനോക്കുന്നു)

അംബു അന്നാണിദ്ദേഹം പ്രണയബദ്ധനാനതു്.

ഗോവി അതു വിശ്വസിക്കരുതു്.

അംബു (ആത്മഗതമെന്നപോലെ) ഒരു ഭീരുവിൻെറ മുറവിളി.

കൃഷ്ണ:—(എന്തൊക്കെയോ ചിന്തിക്കുന്നു.)

അംബു:—ഒരു നിർഭാഗ്യവതിയെ ഇദ്ദേഹം വശത്താക്കി.

ഗാവി:—ഇവൾക്കു ഭ്രാന്താണു്. അങ്ങിനെയൊന്നുമുണ്ടായിട്ടില്ല.

അംബു:—അഭിമാനമില്ലാത്തവൻെറ പിടച്ചിൽ! (തിരിഞ്ഞു്) നിരാശ്രയയായ ഒരു നിർഭാഗ്യവതിയെ ആശകൾ കൊടുത്തു കാമിനിയാക്കി. അവൾ വഴങ്ങി.

ഗോവി:—(വികാരപരവഷനായി) നീയതു പറയരുതു്.

അംബു:—മററുമാഗ്ഗമൊന്നുമില്ല. ഇവരിതറിയണം.

കൃഷ്ണ:—പറയൂ! (ഗോവിന്ദൻകുട്ടിനായരോടു തിരിഞ്ഞു്) മാറി അവിടിരിക്കു്.

അംബു:—(തലതാഴ്ത്തി) അവൾ ഗർഭിണിയായി.

ഗോവി:—ഛേ! ആളുകളെ അവമാനിച്ചാൽ.

അംബു;—ഇതാണനുഭവം (തിരിഞ്ഞു്.) ആയിടെയാണീവിവാഹം നിശ്ചയിച്ചതു്. വിവരങ്ങൾ വെളിപ്പെടുത്തുവാൻ ഭയന്നു് ആ നിരാശ്രയയെ ഇദ്ദേഹം നിഷ്ക്കരുണം പരിത്യജിച്ചു് ഇതിനു തയ്യാറായി.

ഗോവി:—ഇവൾ ഭയങ്കരിയാണു്. ഞാനിതൊന്നും ചെയ്തിട്ടില്ല

അംബു:—അന്നു് ഈ വിവാഹം നടന്നദിവസം അവൾ ആത്മഹത്യചെയ്തു. (വികാരപരവശയായി) അമ്മേ! അമ്മ താലോലിക്കേണ്ട ഒരു പിഞ്ചുപൈതലിന്നെ ഗ......! (കരയുന്നു.)

ഗോവി:—ഇവൾക്കു ഭ്രാന്താണു്.

കൃഷ്ണ:—അബദ്ധം പറയരുതു്.

അംബു:—ആ ന്നിണമണിഞ്ഞ വിവാഹമാണു് ഇ ന്നിവിധം കലാശിച്ചിരിക്കുന്നതു്. ആ ആശ്ര യമററ ആത്മാക്കളാണു് ഇദ്ദേഹത്തെ ചിന്തി പ്പിക്കുന്നതു്.

ദേവ:--ഞങ്ങളിതെങ്ങനെ വിശ്വസിക്കും?

ഗോവി:--പിച്ചുപിടിച്ച കാമുകി എന്തും പറയും.

കൃഷ്ണ:--എങ്ങിനെയിതുവിശ്വസിക്കും?

അംബു:-ഞാൻ വിശ്വസിപ്പിക്കാം. (വേഗം അക ത്തേക്കു പോകുന്നു.)

ഗോവി:--എന്തു് ? അവൾ ആ ....! (അകത്തേക്കോ ടുവാൻ ഭാവിക്കുന്നു. കൃഷ്ണപിള്ള പിടിച്ചിരു ത്തുന്നു.)

ഗോവി:—(ഇരുന്നിട്ടു് ആത്മഗതമെന്നപോലെ) അവരിതറിയട്ടെ! പാപിക്കു ഭയപ്പെടണം!

കൃഷ്ണ:— നീ അവിടെ ഇരിക്കൂ!

ദേവ:—അവളെന്തും ചെയ്യട്ടെ! നിനക്കെന്തു് ?

കൃഷ്ണ.—(രൂക്ഷതയോടെ) എടാ ഇതെല്ലാം പരമാ ർത്ഥമാണോ?

ഗോവി:—(മൌനം)

ദേവ:—(ചിങ്ങിവിങ്ങിക്കൊണ്ടു്) കുട്ടാ!...നീ......

കൃഷ്ണ:— ഇതു സത്യമോ?

ഗോവി:—അവൾ പറയട്ടെ!

(അംബുജം പ്രവേശിക്കുന്നു. ഭീകരമായമുഖഭാവം തലമുടി അഴിഞ്ഞുകിടക്കുന്നു. വികൃതമായവേഷം ടേബിൾലാമ്പിനെ സമീപിച്ച് ഒരു ഫോട്ടോകാണിക്കുന്നു.)

അംബു:—ഇതാരുടെ ഫോട്ടോ?

കൃഷ്ണ:—(അത്ഭുതം, കോപം നിരാശ ഈ വികാരങ്ങൾ മുഖത്തുപ്രത്യക്ഷം. പടത്തിൽ സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുന്നു.)

ദേവ:—(പടത്തിൽ തുറിച്ചുനോക്കുന്നു.

ഗോവി:—(അനങ്ങാതിരിക്കുന്നു)

അംബു:—ഇതാരുടെപടം? അങ്ങുചോദിക്കു· (കൃഷ്ണപിള്ളയുടെകയ്യിൽ പടംകൊടുക്കുന്നു.)

കൃഷ്ണ:—ഇതാരുടെ പടം?

ഗോവി:—(മൌനം)

കൃഷ്ണ:—(കോപത്തോടെ) കുട്ടാ! ഇതാരുടെപടം?

ഗോവി:—എന്റെപടം!

കൃഷ്ണ.—(ക്ഷോഭിച്ച് ശക്തിയോടെ) നിന്റെപടമോ?

ഗോവി:—അതേ! എന്റെ ആനന്ദസൌധത്തിന്റെ.

കൃഷ്ണ:—അതെവിടെ?

ഗോവി:—അടിസ്ഥാനംതെററി നിലമ്പതിച്ചു.

അംബു—ഇദ്ദേഹത്തിന്റെ ആത്മാൎത്ഥതയില്ലായ്മയിൽ ആഹൂതിചെയ്യപ്പെട്ടു.

ദേവ—കുട്ടാ! അവൾ ഗ......

അംബു—അതേ! ഗൎഭിണിയായിരുന്നു.

കൃഷ്ണ—കഷ്ടം! ഈവിവാഹം!..........

ഗോവി—തകൎന്നരണ്ടു സ്ഫടികപാത്രങ്ങളുടെ യോജിപ്പു പോലെ അഥവാ അതിനുള്ളശ്രമം.

അംബു—നിഴലുകളുടെ ഹസ്തദാനംപോലെ

കൃഷ്ണ—നീയിതു നേരത്തെ അറിയിച്ചിരുന്നെങ്കിൽ...

ഗോവി—(രൂക്ഷമായി) ഞാൻ അവഹേളിക്കപ്പെട്ടു പോയേനെ.

കൃഷ്ണ—അല്ല!

ഗോവി—സമുദായം എന്നെനോക്കി പല്ലിളിക്കയാ യിരുന്നു.

ദേവ—അല്ലമകനേ!

ഗോവി—ആളുകൾ എന്നെ അപഹസിച്ചേനെ!

അംബു—ഇതൊന്നും വകവയ്ക്കാതെ ലോകത്തിൻെറ ഒരുകോണിൽ അങ്ങയ്ക്കു് ആ നിഷ്കളങ്കയുമൊത്തു് ആനന്ദിച്ചുകഴിയാമായിരുന്നു. എന്തുചെയ്യാം അങ്ങുഭീരുവായിപ്പോയി.

ഗോവി—(ശാന്തനായി.) അതേ! അംബു. അങ്ങിനെ ആയിരുന്നെങ്കിൽ നിൻെറ ആശകളുംസ്വപ്നങ്ങളും യഥാൎത്ഥമായി വിടിരുമായിരുന്നു. എന്തുചെയ്യാം അതു സംഭവിച്ചില്ല.

കൃഷ്ണ—(ശാന്തനായി) മകനെ ആ നിർഭാഗ്യവിതി...

ഗോവി—അതു ചോദിക്കരുതു്.

അംബു—(ആത്മഗതമെന്നപോലെ) കൃതഘ്നൻെറ മുറവിളി.

ഗോപി എന്റെ ഹൃദയരക്തം അന്നുമുതൽ ഒലി
ക്കുകയാണു്.

കൃഷ്ണ—എന്നുമുതൽ...

ഗോപി—ഈ വിവാഹംമുതൽ

ദേവ—എന്തിനുവേണ്ടി മോനെ?

ഗോ—ആശ്വാസമില്ലാതെ അലയുന്ന ആരണ്ടു് ആ
ത്മാക്കൾക്കുവേണ്ടി.

അംബു—എന്റെ ആത്മാവു് ചിറകടിക്കുകയാണു്.

ഗോവി—(നിറകണ്ണോടെ) എന്തിനു്?

അംബു—(മുകളിലേക്കുനോക്കിക്കൊണ്ടു്.) അദ്ദേഹ
ത്തിന്റെ സമീപത്തിലെത്തി ബാഷ്പതർപ്പ
ണംചെയ്തു ക്ഷമയാചിക്കാൻ.

ഗോവി—(തുറിച്ചു മുമ്പോട്ടു സ്വപ്നദർശിയെപ്പോലെ
നോക്കിക്കൊണ്ടു്) നിഴലുകൾ...മരിച്ച യാഥാ
ർത്ഥ്യങ്ങളുടെ നിഴലുകൾ...ഹാ!

അംബു—(കൃഷ്ണപിള്ളയോടു്) അങ്ങു് ഇതുകൂടിനോ
ക്കുക. അവളുടെ എഴുത്തുകളാണു്. കനകം
പോലെ ഇദ്ദേഹം സൂക്ഷിച്ചനിധികൾ...

കൃഷ്ണ—എന്തു്.

അംബു—ഇവരുടെ പ്രണയഗ്രന്ഥത്തിലെ ഓരോ അ
ദ്ധ്യായങ്ങളാണിയോരോ എഴുത്തുകൾ.

ഗോവി—(ഉണർന്നപോലെ) ഏതെഴുത്തു്?

അംബു—അവളുടെ എഴുത്തുകൾതന്നെ. (കൃഷ്ണപിള്ള
എഴുന്നേററുചെന്നു് കുറെ എഴുത്തുകൾവാ
ങ്ങുന്നു.)

ഗോവി—അതു വായിക്കരുതു്.

കൃഷ്ണ—നീ മിണ്ടാതിരിക്കു്.

അംബു—അതു അങ്ങു് വായിക്കണം. തോരാത്ത എ ൻെറകണ്ണുനീരിൻെറ കാരണമതാണു്. ഇദ്ദേഹത്തിനുവേണ്ടിയല്ല. നിരാശ്രയരായ ആ ആത്മാക്കൾക്കുവേണ്ടി.

ദേവ—ഒരു മാതൃഹൃദയം ഇതിൽ അമ്പരന്നുപോകും.

ഗോവി—(അസഹനീയനായി) ഛെ! മിണ്ടാതിരിക്കാൻ. (കോപത്തോടെ) അതു വായിക്കരുതു്. (ആത്മഗതമെന്നപോലെ) ഹാ! സ്ത്രീഹൃദയം!...

അംബു—(ഗോവിന്ദൻകുട്ടിനായരെ നോക്കിക്കൊണ്ടു്) ആ പാറ ഈ തിരയടിയിൽ തകരട്ടെ.

അംബു—പ്രതികാരബുദ്ധികൊണ്ടല്ല. ആ ബലി ഓർത്താണു്.

(കൃഷ്ണപിള്ള നിവർത്തുപിടിച്ച എഴുത്തുംകൊണ്ടു് വിളക്കിനെ സമീപിക്കുന്നു.)

ഗോവി—(കോപംകൊണ്ടു് വിരൂപമായ മുഖത്തോടെ) അതു വായിക്കരുതു്.

ദേവ—നീ മിണ്ടാതിരി.

അംബു—ആ രഹസ്യം പരസ്യമാകട്ടെ! ആത്മഹത്യയിൽ ദൂഷിച്ച സമുദായനീതികൾ ഞെരിയട്ടെ! (ശോകത്തോടെ) ആ സ്ത്രീ പരിശുദ്ധയായിരുന്നു.

ഗോവി—(എന്തെന്നില്ലാതെ) എന്നെ ഭ്രാന്തുപിടപ്പിക്കുവിൻ...!

അംബു—എത്രഹൃദയങ്ങളാണു് അങ്ങുതകർത്തതു്?

ഗോവി—(അട്ടഹസിച്ചുകൊണ്ടു്) മിണ്ടരുതു്. (കൃഷ്ണപിള്ളയോടുതിരിഞ്ഞു്) അതു വായിക്കരുതു്.

കൃഷ്ണ—പാപി! നീയാരാണതുപറയാൻ.

ഗോവി—ഞാൻ...ഞാൻ! അതുനോക്കരുതു്. (ഗോവിന്ദൻകുട്ടിനായർ വിളക്കിനെ സമീപിക്കുന്നു. നിരാശാ സങ്കടം ഈ വികാരങ്ങൾ മുഖത്തുസ്പഷ്ടമാണു്. കൃഷ്ണപിള്ള വായിച്ചുതുടങ്ങിയ എഴുത്തു് പിടിച്ചുവാങ്ങുന്നു. ആശ്ചര്യത്തോടും കോപത്തോടും കൃഷ്ണപിള്ളതിരിഞ്ഞു്)

കൃഷ്ണ—വിവേകശൂന്യൻ

ദേവ—എൻെറകുട്ടാ! നീയവിടിരി.

കൃഷ്ണ—(പല്ലുകടിച്ചുകൊണ്ടു്) അവന്റെ അഹങ്കാരം.

അംബു—പങ്കിലഹൃദയത്തിൻെറ പിടച്ചിൽ.

(കൃഷ്ണപിള്ള വേറൊരെഴുത്തെടുത്തു വായിക്കുന്നു. ഗോവിന്ദൻകുട്ടിനായർ അതു പിടിച്ചെടുക്കുവാൻ ശ്രമിക്കുന്നു. സാധിക്കുന്നില്ല.)

ഗോവി—(നിരാശയോടെ ആത്മഗതമെന്നപോലെ) എനിക്കുരക്ഷയില്ല. ഞാൻ പാപിയാണു്. (ഗംഭീരമായി ശ്വാസോഛ്വാസം ചെയ്തുകൊണ്ടും വല്ലുവമ്മിക്കൊണ്ടും അംബുജത്തോടടുക്കുന്നു.) നീയാണുവഞ്ചകി. എൻെറരഹസ്യങ്ങൾ പുറത്താക്കിയവൾ. (കയ്യുയർത്തി അടിക്കുവാ

നോക്കുന്നു. അംബുജത്തിനെ ദേവകിയമ്മ പിടിച്ചുമാററുന്നു.)

ദേവ—(കോപത്തോടെ) അവിവേകി!

അംബു—(തലകുനിച്ചുകൊണ്ടു്) ഇതാ! എന്തും ചെയ്തുകൊള്ളു.

ഗോവി—(കൃഷ്ണപിള്ളയെ നോക്കിക്കൊണ്ടു്) അതു വായിക്കരുതു് (മേശയെസമീപിക്കുന്നു.) ഞാൻ സമ്മതിക്കുകയില്ല (എഴുത്തു പിടിച്ചുവാങ്ങാൻ വീണ്ടും ശ്രമിക്കുന്നു. കൃഷ്ണപിള്ള ഒഴിഞ്ഞുമാറുന്നു.) നിരുന്നഹൃദയം! ഹാ!......നിഴലുകൾ-ഞാൻ ജനിക്കാതിരുന്നിരുന്നെങ്കിൽ.

അംബു—എത്ര ആത്മാക്കൾ നശിക്കുകയില്ലായിരുന്നു.

ഗോവി—(കൃഷ്ണപിള്ളയെനോക്കി) അതു നോക്കരുതു്. (എന്തെന്നില്ലാതെ വിഷമിച്ചു നില്ക്കുന്നു. വിളക്കിൽ തുറിച്ചുനോക്കിക്കൊണ്ടു്) അതുവായിക്കരുതു്. (പെട്ടെന്നു കയ്യുയർത്തിവിളക്കടിച്ചു നിലംപതിപ്പിക്കുന്നു. വിളക്കുതാഴെവീണു തകരുന്നു. ചില്ലുകൾ തെറിക്കുന്നതിൻെറശബ്ദം മാറെറാലിക്കൊള്ളുന്നു.)

ദേവ—അയ്യോ!...

കൃഷ്ണ—എടാ!

(ടേബിൾലാമ്പിന്റെതിരി താഴെ കിടന്നു് ടപ്പ് ടപ്പ് എന്നുകത്തുന്നു. അല്പനേരമങ്ങിനെനിന്നിട്ടു്

തിരികെടുന്നു. രംഗം പരിപൂർണ്ണ അന്ധകാരത്തിലാണു്.)

ഗോവി—ഹാ! (അട്ടഹസിച്ചു്) ഹാ! ഞാൻ! ഞാൻ! ഇതാവരുന്നു നിഴലുകൾ. യാഥാർത്ഥ്യങ്ങളുടെ നിഴലുകൾ.

അംബു—ഹാ! തപ്തഹൃദയങ്ങളുടെ ഞരക്കങ്ങൾ.

ഗോവി—മാപ്പു് എനിക്കുമാപ്പു്. എന്നെയിനിയും കാണുകയില്ല. (പെട്ടെന്നുതിരിഞ്ഞു് വെളിയിലേക്കോടുന്നു. മറയുന്നു.)

ദേവ—എന്റെകുട്ടാ! കുട്ടാ! (മുമ്പോട്ടുകുതിക്കുന്നു. ഉടഞ്ഞുകിടക്കുന്ന ചില്ലുകൾ കാലിൽകൊണ്ടുകയറി) അയ്യോ എന്റെകാലു്. കുട്ടാ!... (ഉറക്കെക്കരയുന്നു.)

അംബു—ഞാനുമുണ്ടു്കുട്ടിനു്! (മുമ്പോട്ടോടുന്നു. അന്ധകാരത്തിൽ അടുത്തിരുന്ന ചിലകസേരകളിൽത്തട്ടി നിലമ്പതിക്കുന്നു. കസേരകളും വീഴുന്നു. ശബ്ദംപ്രതിധ്വനിക്കുന്നു.)

കുഞ്ഞു—ഹാ! നശിച്ചതെല്ലാംകണ്ടു.

(ദേവകിയമ്മയുടെ ദീനരവംമാത്രം രംഗത്തു്ശേഷിക്കുന്നു. കുട്ടാ കുട്ടാ എന്നവിളികളും ഇടയ്ക്കിടെകേൾക്കാനുണ്ടു്. അണിയറയിൽ എന്തോ ഭയങ്കരശബ്ദത്തോടെ നിലമ്പതിക്കുന്നശബ്ദം മാറെറാലിക്കൊള്ളുന്നു.)

(കർട്ടൻ)